2010 പ്രവർത്തനവർഷത്തെ കഴിഞ്ഞുപോയ 6 മാസകാലത്തെ പ്രവർത്തനങ്ങളുടെ വിലയിരുത്തലും, വരുവാൻ പോകുന്ന പ്രവർത്ത നങ്ങളെക്കുറിച്ചുള്ള ചർച്ചയും, അർദ്ധവാർഷിക റിപ്പോർട്ടവതരണവും ജൂലൈ 10-ാം തീയതി ശനിയാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. സിയോൻ ധ്യാനകേന്ദ്രം ഡയറക്ടർ റവ.ഫാ. സെബാസ്റ്റ്യൻ പാറയിൽ സെനറ്റ് സമ്മേളനം ഉദ്ഘാടനം ചെയ്തു. വിവിധ മേഖല കൾ അവരുടെ മേഖലാ റിപ്പോർട്ട് സെനറ്റ് മുമ്പാകെ അവതരിപ്പിച്ചു. തുടർന്ന് സെക്രട്ടറി വിപിൻ പനമട രൂപതാ റിപ്പോർട്ട് അവതരിപ്പിച്ചു.

ബിനോയി പാനികുളം, സീന എടമറ്റത്തിൽ എന്നിവർ അക്രമരാഷ്ട്രീയത്തിനെതിരെയും, ജനദ്രോഹ ഹർത്താലിനെതിരെയും പ്രമേയങ്ങൾ അവതരിപ്പിച്ചു. രൂപതാറിപ്പോർട്ടും, പ്രമേയങ്ങളും സെനറ്റ് പാസാക്കി. അർദ്ധവാർഷിക സെനറ്റിൽ രൂപതാ പ്രസിഡന്റ് സജിൻ ജോസ് ചാലിൽ അദ്ധ്യക്ഷനായിരുന്നു. ഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടം ആമുഖ പ്രഭാഷണം നടത്തി. ട്രഷറർ ആന്റണി മങ്കടപ്ര സ്വാഗതവും, സംസ്ഥാന സിൻഡിക്കേറ്റംഗം ലിജി കളരിക്കൽ ആശംസകളും അർപ്പിച്ചു സംസാരിച്ചു. സി. ജെസ്‌ലിമ എസ്.ഡി., നീന വടക്കേൽ, ഷംജിത് ചേലയ്ക്കൽ, ബിനോയി പാനികുളം, ജെസോയി മൂങ്ങനാനിയിൽ, ജോൺസൺ ചക്കാലയ്ക്കൽ, ജോജോ എന്നിവർ നേതൃത്വം നൽകി.

**READY**

റീജിയണൽ ആനിമേറ്റേഴ്സിന്റെയും ഡയറക്ടേഴ്സിന്റെയും സംഗമം 24-6-10 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ചുനടന്നു. യോഗത്തിൽ വച്ച് പുതുതായി മേഖലകളിൽ ചാർജ്ജെടുത്ത ആനിമേറ്റേഴ്സിനെയും ഡയറക്ടർ അച്ചൻമാരെയും ഡയറക്ടർ ഫാ. സണ്ണി കൊല്ലാർതോട്ടം പുഷ്പങ്ങൾ നൽകി സ്വാഗതം ചെയ്തു. രൂപതാ സെക്രട്ടറിയേറ്റംഗങ്ങൾ നേതൃത്വം നൽകി.

**PEARL -2010 കലാസാഹിത്യ മത്സരങ്ങൾ**

ഈ വർഷത്തെ രൂപതാ PEARL സാഹിത്യ മത്സരങ്ങൾ സെപ്റ്റംബർ 21-ാം തീയതി മേഖലാ കേന്ദ്രങ്ങളിൽവച്ചും രൂപതാ കലാമത്സരങ്ങൾ ഒക്ടോബർ 2-ാം തീയതി ന്യൂമാൻസ് കോളേജിൽ വച്ചും നടക്കും. ഇതിനുമുമ്പ് മേഖലാ മത്സരങ്ങൾ പൂർത്തിയാക്കുവാൻ മേഖലാ ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ. മത്സരയിനങ്ങളും സമയക്രമവും താഴെ കൊടുക്കുന്നു. മേഖലാ സാഹിത്യ മത്സരവിജയികളുടെ ലിസ്റ്റ് സെപ്റ്റംബർ 12-ാം തീയതിക്കകം രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

**മത്സരയിനങ്ങൾ, സമയക്രമം, വിഷയം**

1) സംഗീതം - 5 മിനിട്ട് യുവതി/യുവാവ് (ക്രിസ്തീയ ഭക്തിഗാനം മാത്രം, ക്ലാസ്സിക്കൽ ഗാനം പാടില്ല)
2) പ്രസംഗം - 5 മിനിട്ട് (വിഷയം 5 മിനിട്ട് മുമ്പ് നൽകപ്പെടും)
3) മോണോ ആക്ട് - 5 മിനിട്ട് (ഒരു സംഭവമോ, കഥയോ അവതരിപ്പിച്ച് എല്ലാ കഥാപാത്രങ്ങളെയും രൂപത്തിലും ശബ്ദത്തിലും ഭാവത്തിലും അനുകരിക്കണം)
4) മിമിക്രി - 5 മിനിട്ട്

5) നാടോടി നൃത്തം – 7 മിനിട്ട് (യുവതി/യുവാവ്) കാസറ്റ് സംഗീതം അനുവദിക്കും, പിന്നണിക്ക് പ്രാധാന്യം നൽകുന്നതല്ല. നാടോടി പാട്ടുകളാണ് ഉപയോഗിക്കേണ്ടത്. സിനിമാഗാനം അനുവദനീയ മല്ല.
6) ഡിബേറ്റ് – 10 മിനിട്ട് (ഒരു ടീമിൽ രണ്ടാളുകൾ, ഒരാൾ പ്രെപ്പോ സർ, മറ്റേയാൾ ഒപ്പോസർ, വിഷയം അര മണിക്കൂർ മുമ്പ് നൽക പ്പെടും)
7) ക്വിസ് – ഒരു ടീമിൽ രണ്ടുപേർ. ചോദ്യങ്ങളുടെ അനുപാതം – വി. യോഹന്നാന്റെ സുവിശേഷം, ഗലാത്തിയാക്കാർക്കുള്ള ലേഖനം 60%, കെ.സി.വൈ.എം ചരിത്രം, ദർശനം, പ്രവർത്തനങ്ങൾ 30%, പൊതുവിജ്ഞാനം 10%.
8) സംഘഗാനം – 7 മിനിട്ട് (7 പേരിൽ കൂടരുത്, സംഗീത ഉപകരണ ങ്ങൾ പാടില്ല)
9) കെ.സി.വൈ.എം. ആന്തം (7 പേരിൽ കൂടരുത്, കെ.സി.വൈ. എം. പതാകയേന്തണം, മാർച്ചിംഗ് ട്യൂൺ ആണ് ആലപിക്കേണ്ടത്)
10) മൈം – 10 മിനിട്ട് (7 പേരിൽ കൂടാൻ പാടില്ല, മ്യൂസിക് നൽകാവു ന്നതാണ്)
11) തെരുവുനാടകം – 20 മിനിട്ട് (ഏതുതരത്തിലുള്ള വേഷവും ഉപ യോഗിക്കാം. എന്നാൽ മുഖത്ത് യാതൊരുവിധത്തിലുമുള്ള ചായവും പാടില്ല. കുടുംബം, ഗ്രാമസഭ, സന്നദ്ധസേവനം, പരിസ്ഥിതിപരി പോഷണം, 'വിശ്വാസയുവത-വികസിത രാഷ്ട്രം' എന്നീ വിഷയ ങ്ങളിൽ ഊന്നിയ ആനുകാലിക പ്രസക്തമായ വിഷയമായിരി ക്കണം. മൈക്ക് നൽകുന്നതല്ല.
12) കവിതാ രചന (1 മണിക്കൂർ)
13) മാർഗ്ഗംകളി – 7 മിനിട്ട് (യുവതികൾക്ക് മാത്രം)
14) കഥാരചന – 1 മണിക്കൂർ
15) ഉപന്യാസ രചന – 1 മണിക്കൂർ
16) നോട്ടീസ് രചന – 45 മിനിട്ട് 1 പേജ്
17) മുദ്രാവാക്യ രചന – 30 മിനിട്ട് (ആവേശം ജനിപ്പിക്കത്തക്കരീതി യിൽ താളാത്മകമായി വേണം രചിക്കാൻ)
18) കാർട്ടൂൺ രചന 2 മണിക്കൂർ (കളർ ഉപയോഗിക്കാൻ പാടില്ല, ചിത്രം, ആശയം, അവതരണം എന്നിവയ്ക്കാണ് പ്രാധാന്യം)
19) കൊളാഷ് – 1 മണിക്കൂർ (ചായക്കൂട്ടും തൂലികയുമില്ലാതെ ഒരു വിഷയത്തെക്കുറിച്ച് കിട്ടാവുന്നത്ര ചിത്രങ്ങളും പത്രക്കുറിപ്പുകളും ശേഖരിച്ച് അവ സൂഷ്മതയോടെ ഒട്ടിച്ച് ചേർത്ത് കൊളാഷ് ചിത്ര

ങ്ങൾ നിർമ്മിക്കാം. അകലെ നിന്ന് ചിത്രം കാണുകയും അടുത്ത് നിന്ന് ചിത്രത്തിലെ കുറിപ്പുകൾ വായിക്കുകയും ചെയ്യുവാൻ സാധിക്കണം. കൊളാഷിന് പേര് നൽകാവുന്നതാണ്. കൊളാഷിന് ഭംഗിക്ക് കളർ ഉപയോഗിക്കാം. കൊളാഷിന്റെ മുകളിൽ കളർ ഉപയോഗിക്കാൻ പാടില്ല)

20) പോസ്റ്റർ രചന - 2 മണിക്കൂർ (പോസ്റ്റർ കളർ Transpirant, വാട്ടർകളർ എന്നിവ ഉപയോഗിക്കാം. ക്രയോൺസ് ഉപയോഗിക്കാൻ പാടില്ല. ആശയമെഴുതാൻ സ്കെച്ച്പെൻ ഉപയോഗിക്കാവുന്നതാണ്. ചിത്രം വരച്ച് ആശയം ഉൾകൊള്ളിക്കുന്ന രീതിയിലായിരിക്കണം പോസ്റ്റർ രചിക്കേണ്ടത്)

രചനാമത്സരങ്ങൾക്ക് തത്സമയം വിഷയം നൽകപ്പെടും. എല്ലാ മത്സരങ്ങളിലും ധാർമ്മിക മൂല്യങ്ങൾ ഉദ്ഘോഷിക്കുന്നവയാണ് അവതരിപ്പിക്കേണ്ടത്. മത്സരങ്ങളിൽ പങ്കെടുക്കുന്ന എല്ലാവർക്കും അംഗത്വകാർഡ് നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

NB:- സംസ്ഥാനതല കലാമത്സരം 'ഉത്സവ് - 10' - ഈ വർഷം മാനന്തവാടി രൂപതയുടെ ആതിഥേയത്വത്തിൽ ദ്വാരക സേക്രട്ട് ഹാർട്ട് ഹയർ സെക്കന്ററി സ്കൂളിൽ വച്ചാണ് നടക്കുന്നത്.

## Seniors forum - വനിതാസംഗമം

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ അടുത്തുവരുന്ന ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിന് ഒരുക്കമായി ഒരു വനിതാശില്പശാല സംഘടിപ്പിച്ചു. രൂപതാ ഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടം സ്വാഗതം ആശംസിച്ചു. വികാരി ജനറാൾ മോൺ. ജോർജ് മൂലയിൽ ഉദ്ഘാടനം ചെയ്തു. "ത്രിതല പഞ്ചായത്തും ക്രിസ്ത്യൻ വനിതാ നേതൃത്വവും" എന്ന വിഷയത്തിൽ ശ്രീ. അഗസ്റ്റിൻ മഠത്തിപ്പറമ്പിൽ, "പഞ്ചായത്ത് തെരഞ്ഞെടുപ്പിന് ഒരുക്കം" എന്ന വിഷയത്തിൽ ശ്രീ. തോമസ് ഏറണാട്ട് എന്നിവർ ക്ലാസുകൾ നയിച്ചു. തുടർന്ന് ഗ്രൂപ്പ് ചർച്ചകൾ നടന്നു. 22 ഇടവകകളിൽ നിന്നായി 74 വനിതകൾ പങ്കെടുത്തു. ഡോക്ടർ വത്സല സ്കറിയ നന്ദി പറഞ്ഞു.

## യൂണിറ്റ് സന്ദർശനം

കെ.സി.വൈ.എം. രൂപതാഘടകം വിവിധ യൂണിറ്റുകളിൽ നടത്തുന്ന യൂണിറ്റ് സന്ദർശനവും ക്ലാസും ഈ വർഷം ഓഗസ്റ്റ് 1 മുതൽ ആരംഭിക്കുകയാണ്. ഓഗസ്റ്റ് 1-ാം തീയതി കൽപ്പറ്റ മേഖലയിലെ വിവിധ യൂണിറ്റുകളിൽ സന്ദർശനം നടത്തുന്നു. യൂണിറ്റുകൾ ഈ കാര്യം പ്രത്യേകം ശ്രദ്ധിച്ച് വേണ്ട മുന്നൊരുക്കങ്ങൾ നടത്തുമല്ലോ.

**കൽപ്പറ്റ മേഖല – ഓഗസ്റ്റ് 1 :** കൽപ്പറ്റ, തെനേരി, വൈത്തിരി, നെടുമ്പാല, ഒലിവുമല, എടപ്പെട്ടി, വാഴവറ്റ, പുഴമുടി, റിപ്പൺ.

**ഓഗസ്റ്റ് 22 – ബത്തേരി മേഖല :** അമ്പലവയൽ, ചിത്രഗിരി, ചുള്ളിയോട്, കടൽമാട്, മീനങ്ങാടി, പഴൂർ, ബത്തേരി, തോമാട്ടുചാൽ, വടക്കനാട്, വാകേരി, ചീങ്ങവല്ലം, മൂലങ്കാവ്, കരണി, കല്ലുമുക്ക്.

**ഓഗസ്റ്റ് 29 – കല്ലോടി മേഖല :** ദ്വാരക, ജൂഡ്സ്മൗണ്ട്, കരിമ്പിൽ, പുതുശ്ശേരി, പുതിയിടംകുന്ന്, വഞ്ഞോട്, വെള്ളമുണ്ട, കല്ലോടി, ചുള്ളിയാന.

## ID Card

കെ.സി.വൈ.എം. അംഗത്വകാർഡുകൾ തയ്യാറായിക്കൊണ്ടിരിക്കുന്നു. ID Card പൂർത്തിയായി കഴിയുമ്പോൾ ഓരോ യൂണിറ്റുകളെയും വിളിച്ച് അറിയിക്കുന്നതായിരിക്കും.

## അനുശോചനം

കെ.സി.വൈ.എം. ബത്തേരി യൂണിറ്റിലെ കോ-ഓർഡിനേറ്ററായി പ്രവർത്തിച്ചിരുന്ന ശ്രീ. ടോജോ ഉപ്പുവീട്ടിലിന്റെ അകാലനിര്യാണത്തിൽ കെ.സി.വൈ.എം. രൂപതാ കുടുംബം അനുശോചിച്ചു.

## പ്രാർത്ഥനാപൂർവ്വം

ബത്തേരി മേഖലാ മുൻ പ്രസിഡന്റ് ശ്രീ. ഷൈജു പച്ചിക്കൽ മരത്തിൽ നിന്ന് വീണ് അപകടത്തിലായി കോഴിക്കോട് മിംമ്സ് ഹോസ്പിറ്റലിൽ കിടക്കുന്നു. ഗുരുതരാവസ്ഥയിൽ കിടക്കുന്ന ശ്രീ. ഷൈജുവിന് ഏവരുടേയും പ്രാർത്ഥനകൾ അഭ്യർത്ഥിക്കുന്നു.

## രൂപതാക്യാമ്പ് സെപ്റ്റംബർ 10, 11, 12 തീയതികളിൽ

സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ നടക്കുന്ന രൂപതാ ക്യാമ്പ് 2010 സെപ്റ്റംബർ 10, 11, 12 തീയതികളിൽ നടക്കുന്നതാണ്. ഓരോ യൂണിറ്റിൽ നിന്നും 3 യുവജനങ്ങളെ ക്യാമ്പിൽ പങ്കെടുപ്പിക്കുമല്ലോ. ഇടവകയിൽ മുൻകൂട്ടി ആളുകളെ കണ്ടെത്തുകയും അവരുടെ പേര് വിവരങ്ങൾ ആഗസ്റ്റ് 31 ന് മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കുകയും ചെയ്യുമല്ലോ. ക്യാമ്പ് നടക്കുന്ന സ്ഥലവും, വിശദവിവരങ്ങളും പിന്നീട് അറിയിക്കുന്നതാണ്.

## രണ്ട് പുതിയ യൂണിറ്റുകൾ – മൂലങ്കാവ്, ചീങ്ങവല്ലം

ബത്തേരിമേഖലയിലെ മൂലങ്കാവിലും, അമ്പലവയൽ പള്ളിയുടെ സ്റ്റേഷനായ ചീങ്ങവല്ലത്തും കെ.സി.വൈ.എം. പുതിയ യൂണിറ്റുകൾ തുടങ്ങി. നേതൃത്വം വഹിച്ച ബഹു. വികാരിയച്ചന്മാർക്കും, ആനിമേറ്റർമാർക്കും, യൂണിറ്റ് ഭാരവാഹികൾക്കും നന്ദി അറിയിക്കുന്നു.

## മേഖലാ വാർത്തകൾ - മാനന്തവാടി മേഖല

5-6-10 ലോക പരിസ്ഥിതി ദിനം, മേഖലാതല ഉത്ഘാടനം കണി യാരത്തുവച്ച് കത്തീഡ്രൽ വികാരി റവ.ഫാ. ജോർജ്ജ് മൈലാടൂർ വൃക്ഷതൈ നട്ട് ഉത്ഘാടനം ചെയ്തു. രൂപതയിൽ നിന്നും വിതരണം ചെയ്ത വൃക്ഷതൈകൾ എല്ലാ യൂണിറ്റുകളിലും എത്തിക്കുകയും എല്ലാ യൂണിറ്റുകളും തൈ നടുകയും ചെയ്തു.

19-6-10 കണിയാരത്ത് വച്ച് സിൻഡിക്കേറ്റ് കൂടുകയും പുതിയ മേഖലാ ഡയറക്ടറായി റവ.ഫാ. മനോജ് അമ്പലത്തിങ്കൽ സ്ഥാന മേൽക്കുകയും മേഖലാ ഡയറക്ടറായിരുന്ന റവ.ഫാ. മാർട്ടിൻ പുതു ശ്ശേരിക്ക് യാത്രയയപ്പ് നൽകുകയും ചെയ്തു.

27-6-10 ന് കണിയാരത്ത് വച്ച് മേഖലാ അർദ്ധവാർഷിക സെനറ്റ് കൂടുകയും മേഖല, യൂണിറ്റുകൾ റിപ്പോർട്ട് അവതരിപ്പിക്കുകയും അവ ലോകനം നടത്തുകയും ചെയ്തു. തുടർച്ചയായി വരുന്ന ഹർത്താലു കൾക്കെതിരെ മാനന്തവാടിമേഖല പത്രപ്രസ്താവന നടത്തി.

## കൊട്ടിയൂർ മേഖല

ജൂലൈ 4-ന് യുവജനദിനാഘോഷത്തോടനുബന്ധിച്ച് മേഖല യുടെ നേതൃത്വത്തിൽ കൊട്ടിയൂർ ഗവൺമെന്റ് ഹോസ്പിറ്റൽ ക്ലീനിംഗ് നടത്തുകയും പൂന്തോട്ടം പിടിപ്പിക്കുകയും ചെയ്തു. രോഗീസന്ദർശനം നടത്തി. ഫണ്ട് സ്വരൂപണത്തിനുവേണ്ടി കൂപ്പൺ ഇറക്കി.

## മരക്കടവ് യൂണിറ്റ്

വൈദീകവർഷ സമാപനത്തോടനുബന്ധിച്ച് മരക്കടവ് യൂണിറ്റ് കെ.സി.വൈ.എം. ന്റെയും സി.എം.എൽ. ന്റെയും ആഭിമുഖ്യത്തിൽ ബഹു. വികാരിയച്ചൻ റവ.ഫാ. ജോർജ് കിഴക്കുംപുറം, കെ.സി.വൈ. എം. ഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടം, സി.എം.എൽ. ഡയ റക്ടർ റവ.ഫാ. ടോമി പുത്തൻപുര എന്നിവരെ ആദരിച്ചു. കെ.സി.വൈ. എം. മരക്കടവ് യൂണിറ്റിലെ അംഗങ്ങൾ ഒരു നിർദ്ധന കുടുംബത്തിന് തങ്ങളുടെ അധ്വാനത്തിലൂടെ ഒരു ദിവസത്തെ വീടുപണിക്ക് സഹാ യിച്ചു. അതിന് വേണ്ടിവന്ന ചിലവ് യൂണിറ്റ് വഹിച്ചു.

കെ.സി.വൈ.എം. മരക്കടവ് യൂണിറ്റ് 4-6-10 ന് യുവജനദിനം ആചരിച്ചു. യുവജനങ്ങൾ കാഴ്ചവയ്പ് നടത്തി. പൊതുസമ്മേളനം, സ്നേഹവിരുന്ന് ഇവ ഉണ്ടായിരുന്നു. കെ.സി.വൈ.എം. മുൻ രൂപതാ ആനിമേറ്റർ സി. ക്രിസ്റ്റീന എസ്.സി.വി. ക്ലാസെടുത്തു.

## നെടുമ്പാല യൂണിറ്റ്

11-7-10 ന് യുവജനദിനാഘോഷത്തിന്റെ ഭാഗമായി നെടുമ്പാല യിലെ കർമ്മധീരരായ യുവജനങ്ങൾ ജ്യോതിനിവാസ് സന്ദർശിച്ചു

ബഹു. ഡയറക്ടറച്ചന്റെയും ആനിമേറ്ററുടെയും നേതൃത്വത്തിൽ, മനസ്സിന്റെ കോണുകളിൽ താളം പിഴച്ചതോടെ സമൂഹം ഒറ്റപ്പെടുത്തിയ അന്തേവാസികൾക്കൊപ്പം ഒരുദിനം പങ്കിട്ടു. സ്ഥാപനത്തിലേക്കുള്ള വഴി പുനർനിർമ്മിക്കുകയും ഒരു നേരത്തെ ഭക്ഷണത്തിനുള്ള പണം നൽകുകയും ചെയ്തു. ആനിമേറ്ററുടെ നേതൃത്വത്തിൽ നടത്തിയ സമർപ്പണ പ്രാർത്ഥനയിൽ അന്തേവാസികൾക്കൊപ്പം യുവജനങ്ങൾ ഭക്തിപൂർവ്വം പങ്കുചേർന്നു.

**പടമലയൂണിറ്റ്**

വൈദീകവർഷ സമാപനത്തോടനുബന്ധിച്ച് കെ.സി.വൈ.എം. സംഘടനയുടെ നേതൃത്വത്തിൽ ആരാധനയും ദിവ്യബലിയും നടത്തി. ബഹു. വികാരിയച്ചനെ ആദരിച്ചു. കലാവിരുന്ന് നടത്തി. യുവജനങ്ങളുടെ നേതൃത്വത്തിൽ പള്ളിമുറ്റം വൃത്തിയാക്കി. ബഹു. വികാരിയച്ചനും യുവജനങ്ങളും ഒന്നുചേർന്ന് സെമിത്തേരിയുടെ പണി ആരംഭിക്കുകയും സഹായിക്കാൻ എല്ലാ യുവജനങ്ങളും താൽപര്യപൂർവ്വം മുന്നോട്ടു വരികയും ചെയ്തു.

**മുള്ളൻകൊല്ലി യൂണിറ്റ്**

യുവജന ദിനത്തോടനുബന്ധിച്ച് ദിവ്യബലിയിൽ എല്ലാ യുവജനങ്ങളും പങ്കെടുക്കുകയും റവ.ഫാ. അഗസ്റ്റ്യൻ നിലയ്ക്കപ്പള്ളി വചന സന്ദേശം നൽകുകയും ചെയ്തു. അന്നേദിവസം നടത്തിയ സെമിനാറിൽ 125 ഓളം യുവജനങ്ങൾ പങ്കെടുക്കുകയും ജോസ് പള്ളത്ത് സാർ ക്ലാസ് എടുക്കുകയും ചെയ്തു.

L.P, U.P, +2 ക്ലാസുകളിൽ പഠിക്കുന്ന നിർദ്ധരരായ കുട്ടികൾക്ക് കെ.സി.വൈ.എം. മുള്ളൻകൊല്ലി യൂണിറ്റ് 100 കുടകൾ സ്വന്തമായി നിർമ്മിച്ച് നൽകി.

സ്നേഹത്തോടെ,

**ബെന്നി പച്ചിക്കൽ**

ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ**

ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ജൂലൈ 11 മുതൽ 14 വരെ നടന്ന MPC കോഴ്സിൽ 86 പേർ പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി യത്നിച്ച എല്ലാ വൈദികരെയും കുടുംബപ്രേഷിതത്വ ടീം അംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | | | |
|---|---|---|---|
| ആഗസ്റ്റ് | 14 –17 | – | പാസ്റ്ററൽ സെന്റർ ദ്വാരക |
| ആഗസ്റ്റ് | 27 – 30 | – | പാസ്റ്ററൽ സെന്റർ മണിമൂളി |
| സെപ്റ്റംബർ | 05 – 08 | – | പാസ്റ്ററൽ സെന്റർ ദ്വാരക |
| സെപ്റ്റംബർ | 27 – 30 | – | പാസ്റ്ററൽ സെന്റർ ദ്വാരക |

**പ്രത്യേകം ശ്രദ്ധയ്ക്ക്**

2010 ആഗസ്റ്റ് 27 ന് 4.30 തുടങ്ങി ആഗസ്റ്റ് 30 ന് 6.00 മണിവരെ മണിമൂളി പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്ന MPC കോഴ്സിന് കഴിയുന്നിടത്തോളം ആളുകളെ പറഞ്ഞുവിടാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**അഭിനന്ദനങ്ങൾ...ആശംസകൾ**

ഫാമിലി അപ്പോസ്റ്റലേറ്റ് ഫൊറോന ഡയറക്ടേഴ്സായി, ആനിമേറ്റേഴ്സായി അഭിവന്ദ്യ പിതാവിനാൽ നിയമിക്കപ്പെട്ടിരിക്കുന്നവർക്ക് രൂപതാ ഫാമിലി അപ്പോസ്റ്റലേറ്റിന്റെ അഭിനന്ദനങ്ങൾ...പ്രവർത്തന രംഗത്ത് വിജയാശംസകൾ.

ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ഫൊറോന ഡയറക്ടേഴ്സായി നിയമിക്കപ്പെട്ടിരിക്കുന്ന റവ. ഫാ. ജോണി കാഞ്ഞിരംപറമ്പിൽ (ബത്തേരി), റവ. ഫാ. ബാബു മൂത്തേടത്ത് (ചുങ്കക്കുന്ന്), റവ.ഫാ.ജോർജ് പടിഞ്ഞാറയിൽ (ഗൂഡല്ലൂർ), റവ. ഫാ. അഗസ്റ്റിൻ

താന്നിയിൽ (കല്ലോടി), റവ. ഫാ. ജോസഫ് വയലിൽ (കല്പ്പറ്റ), റവ.ഫാ. തോമസ് മണക്കുന്നേൽ (മാനന്തവാടി), റവ. ഫാ. കുര്യാക്കോസ് കുമ്പുക്കിൽ (മണിമൂളി), റവ. ഫാ. ജോണി കുന്നത്ത് (പുൽപ്പള്ളി), റവ. ഫാ. തോമസ് തൈക്കുന്നുംപുറം (നടവയൽ), റവ.ഫാ. തോമസ് പുതുക്കുളങ്ങര (നിലമ്പൂർ), റവ. ഫാ. തോമസ് ഒറ്റപ്ലാക്കൽ (പയ്യമ്പള്ളി), റവ. ഫാ. സെബാസ്റ്റ്യൻ പാലക്കിൽ (തരിയോട്) എന്നിവർക്കും ഒപ്പം ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ഫൊറോന ആനിമേറ്റേഴ്സായി നിയമിതരായിരിക്കുന്ന സി. ബെനീഞ്ഞ MSMI (ബത്തേരി), സി. ലൂസി കുര്യൻ SH (ചുങ്കക്കുന്ന്), സി. റ്റെസി SKD (ഗൂഡല്ലൂർ), സി. ലൂസിയ SKD (കല്ലോടി), സി. കുസുമോസ് SH (കല്പ്പറ്റ), സി. ജോസ്ന SKD (മാന്തവാടി), സി. സെസിൽ FCC (മണിമൂളി), സി. അർച്ചന FCC (പുൽപ്പള്ളി), സി. ആഗ്നസ് CMC (നടവയൽ), സി. മരിയ FCC (നിലമ്പൂർ), സി.മരിയറ്റ SKD (പയ്യമ്പള്ളി), സി. ആൻസി ജോസ് FCC (തരിയോട്) എന്നിവർക്കും സ്വാഗതം.

## കത്തോലിക്കാ മാതൃസംഘടന

ജൂലൈ 10 ന് രൂപതാ ടീം കൊട്ടിയൂർ മേഖല സന്ദർശനം നടത്തി. 8 ശാഖയിൽ നിന്നു സന്ദർശനത്തിൽ പങ്കുചേർന്നു. ബഹു. ബാബു മൂത്തേടത്തച്ചൻ സ്വാഗതം ആശംസിച്ചു. രൂപതാ ഡയറക്ടർ റവ. ഫാ. ഡെന്നീസ് കഴുതാടിയിൽ മുഖ്യപ്രഭാഷണം നടത്തി. കുട്ടികളുടെ വളർച്ചയിൽ അമ്മമാർക്കുള്ള പങ്കിനെക്കുറിച്ച് രൂപതാ ആനിമേറ്റർ ക്ലാസെടുക്കുകയും ചെയ്തു. രൂപതാ ടീം എല്ലാ ശാഖകളുടെയും കണക്ക്, റിപ്പോർട്ട് എന്നിവ പരിശോധിക്കുകയും ചെയ്തു. ഫൊറോന വികാരി ബഹു. തോമസ് ചേറ്റാനിയച്ചൻ അമ്മമാരോടു സംസാരിച്ചു. മേഖല ആനിമേറ്റർ സി. ലൂസി കുര്യൻ SH ന്റെ നന്ദിയോടെ മീറ്റിംഗ് അവസാനിച്ചു.

അടുത്ത രൂപതാ എക്സിക്യൂട്ടീവ് ആഗസ്റ്റ് 18 ന് 10 മണിക്ക്

### കല്ലോടി മേഖല

വെള്ളമുണ്ട ശാഖയിൽ ജൂലൈ 2 ന് ബഹു ഡയറക്ടർ റവ.ഫാ. ജോജോ ഔസേപ്പുപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ പ്രാർത്ഥനയോടെ ആരംഭിച്ച മീറ്റിംഗിൽ ശ്രീമതി മേരിക്കുട്ടി മാനിക്കൽ സ്വാഗതം ആശംസിച്ചു. റിപ്പോർട്ടും, കണക്കും വായിച്ചു. ആനിമേറ്റർ സി. ലൂസിയ സംഘടന രൂപതാതലത്തിൽ എല്ലാ അമ്മമാരെയും സംഘടിപ്പിച്ച് കുടുംബപ്രേഷിതത്വം എന്ന പേരിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങളെപ്പറ്റി വിശദീകരിച്ചു.

ബഹു. അച്ചൻ ദൈവാനുഭവം എങ്ങനെ സ്വായത്തമാക്കാമെന്ന തിനെക്കുറിച്ച് വളരെ വ്യക്തമായി ക്ലാസ്സെടുത്തു. അതിനുശേഷം മാസ വരിസംഖ്യ പിരിവിനും, അംഗങ്ങൾ നടത്തുന്ന കുറിയുടെ നറുക്കെടു പ്പിനും ശേഷം ആരാധനയും, വി. ബലിയും നടത്തി. ശ്രീമതി വത്സ കൈതയ്ക്കലിന്റെ നന്ദിയോടെ യോഗം അവസാനിച്ചു.

**നിലമ്പൂർ മേഖല**

നിലമ്പൂർ മേഖലയിൽ പുതുതായി രൂപംകൊണ്ട മൂലേപ്പാടം ശാഖയ്ക്ക് രൂപതാ മാതൃസംഘടനാ കൂട്ടായ്മയിലേയ്ക്ക് ഹൃദ്യമായ സ്വാഗതം.

| | | |
|---|---|---|
| ഡയറക്ടർ | - | റവ. ഫാ. ബാബു കക്കാട്ടിക്കാലായിൽ |
| പ്രസിഡന്റ് | - | ശ്രീമതി ഫിലോമിന മറ്റത്തിൽ |
| സെക്രട്ടറി | - | ശ്രീമതി ആലീസ് മൂഴിപ്ലാക്കൽ |
| വൈസ്. പ്രസിഡന്റ് | - | ശ്രീമതി സെലിൻ തുളുവനാനിക്കൽ |
| ജോ.സെക്രട്ടറി | - | ശ്രീമതി ജിൻസി കണ്ണങ്കുളം |
| കൗൺസിലേഴ്സ് | - | ശ്രീമതി ത്രേസ്യാമ്മ തെക്കുംതടത്തിൽ |
| | - | ശ്രീമതി റോസമ്മ കറുകപ്പള്ളിൽ |

രൂപതാ ഫാമിലി അപ്പസ്റ്റോലേറ്റിന്റെ അഭിനന്ദനങ്ങൾ...പ്രവർത്തന രംഗത്ത് വിജയാശംസകൾ.

**കൊട്ടിയൂർ മേഖല**

കേളകം ഇടവകയിൽ വികാരി റവ. ഫാ. ജോസ് വടയാപറമ്പി ലിന്റെയും, പ്രസിഡന്റ് ശ്രീമതി കത്രിക്കുട്ടിയുടേയും, ആനിമേറ്റർ സി.സിനിയുടേയും സാന്നിധ്യത്തിൽ എല്ലാ മാസവും മാസമീറ്റിംഗ് നടത്തി വരുന്നു. മേഖലാ മത്സരത്തിൽ ഒന്നാംസ്ഥാനവും രൂപതാ മത്സരത്തിൽ രണ്ടാംസ്ഥാനവും കരസ്ഥമാക്കിയതിന് മേഖലാ ഡയറ ക്ടർ റവ. ഫാ. ബാബു മൂത്തേടത്തിനും, ആനിമേറ്റർ സി. ലൂസി കുര്യ നെയും കേളകത്തെ അമ്മമാർ പ്രത്യേകം അഭിനന്ദിച്ചു. 19 ന് കേള കത്ത് വച്ച് നടത്തപ്പെട്ട ചെയിൻ പ്രാർത്ഥനയുടെ അവസരത്തിൽ സമ്മാ നാർഹരായ അമ്മമാരെ ശ്ലാഘിച്ച് സംസാരിച്ചു. ജൂൺ 19 ന് അച്ചന്മാരെ ആദരിച്ചു. അന്നേ ദിവസം നടത്തപ്പെട്ട മീറ്റിംഗിൽ കൊട്ടിയൂർ മേഖല യിലെ 9 പള്ളികളിൽ നിന്നുമായി 117 അമ്മമാർ പങ്കെടുത്തു.

**ബത്തേരി മേഖല**

10 ന് ബത്തേരി മേഖല എക്സിക്യൂട്ടീവ് പ്രാർത്ഥനയോടെ ആരം ഭിച്ചു. മേഖല ഡയറക്ടർ റവ. ഫാ. ജോണി കാഞ്ഞിരപറമ്പിൽ ഏവ

രേയും സ്വാഗതം ചെയ്തു. പുതിയതായി മേഖല ആനിമേറ്ററായി ചാർജ്ജെടുത്ത സി. ബനീഞ്ഞയെ പ്രസിഡന്റ് ലിസി റാത്തപ്പിള്ളി പൂച്ചെണ്ട് കൊടുത്തു സംഘടനയിലേക്ക് സ്വാഗതം ചെയ്തു. ഫൊറോന വനിതാ കമ്മീഷൻ സെക്രട്ടറിയായി ശ്രീമതി ചിന്നമ്മ റാത്തപ്പിള്ളിയെ തെരഞ്ഞെടുത്തു. ചെയിൻ റോസറി ബത്തേരി മേഖലയിൽ സെപ്റ്റംബർ - 1 മുതൽ നടത്തുവാൻ തീരുമാനിച്ചു. ബത്തേരി (01), മൂലങ്കാവ് (02), കല്ലുമുക്ക് (03), വടക്കനാട് (04), വാകേരി (05), കരണി (06), മീനങ്ങാടി (07), പഴൂർ (08), ചുള്ളിയോട് (09), തോമാട്ടുചാൽ (10), ചിത്രഗിരി (11), കടൽമാട് (12), അമ്പലവയൽ (13) എന്നീ ഇടവകകളിൽ നടത്തുവാൻ തീരുമാനിച്ചു. വനിതാ കമ്മീഷൻ സെക്രട്ടറിയുടെ നന്ദിയോടുകൂടി യോഗം അവസാനിച്ചു.

**മാനന്തവാടി മേഖല**

മേഖല ഡയറക്ടർ തോമസച്ചന്റെ നേതൃത്വത്തിൽ 11 ന് ടൗൺപള്ളി ഓഡിറ്റോറിയത്തിൽ വച്ചും, 3 ന് പോരൂർ ശാഖയിൽ വച്ചും മാതൃസംഘത്തിന്റെ മീറ്റിംഗ് നടത്തി. വൈദികവർഷാചരണത്തിന്റെ ഭാഗമായി മേഖല ഡയറക്ടറെ ആദരിക്കുകയും സ്നേഹസമ്മാനം നൽകി ആശംസകൾ അർപ്പിക്കുകയും ചെയ്തു. പുതിയ ആനിമേറ്ററായി സി. ജോസ്ന SKD യെ തോമസച്ചൻ സ്വാഗതം ചെയ്തു. മേഖലയുടെ കീഴിലുള്ള എല്ലാ ശാഖാ ആനിമേറ്റേഴ്സിന്റെയും ഒരു സമ്മേളനം നടത്തി. ഈ സമ്മേളനത്തിൽ ബഹു. തോമസച്ചന്റെ നാമഹേതുകതിരുനാൾ ആഘോഷിക്കുകയും ചെയ്തു. തുടർന്ന് ഗ്രൂപ്പടിസ്ഥാനത്തിൽ ചർച്ച നടത്തി തീരുമാനങ്ങൾ എടുത്തു.

17 ന് മേഖലയിൽ ജനറൽ ബോഡിയും, രൂപതാ സന്ദർശനവും നടത്തി. രൂപതാ ഡയറക്ടർ റവ. ഫാ. ഡെന്നീസ് കഴുതാടിയിലും, എക്സിക്യൂട്ടീവ് അംഗങ്ങളും പങ്കെടുത്തു. ഈ സമ്മേളനത്തിൽ 18 ശാഖകളിൽ നിന്നുള്ള ആനിമേറ്റേഴ്സും എക്സിക്യൂട്ടീവ് അംഗങ്ങൾ 95 പേരും പങ്കെടുത്തു. മീറ്റിംഗ് പ്രാർത്ഥനയോടെ ആരംഭിച്ചു. മേഖല ഡയറക്ടർ തോമസച്ചൻ സ്വാഗതം ആശംസിച്ചു. രൂപതാ പ്രസിഡന്റ് ശ്രീമതി മോളി ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. അധ്യക്ഷ പ്രസംഗത്തിൽ ബഹു. ഡെന്നീസച്ചൻ അമ്മമാരെ വിസിറ്റിന്റെ ഉദ്ദേശ ലക്ഷ്യങ്ങളെക്കുറിച്ച് ബോധവത്ക്കരിച്ചു. തുടർന്ന് രൂപതാ ആനിമേറ്റർ ക്ലാസ്സെടുത്തു. തുടർന്ന് ശാഖയിൽ നിന്നു വന്ന അമ്മമാരെ ഗ്രൂപ്പായി തിരിച്ചു രൂപതാ ഭാരവാഹികളുടെ നേതൃത്വത്തിൽ അവരുടെ പ്രശ്നങ്ങൾ വിശകലനം ചെയ്തു. കണക്കും, റിക്കാർഡും പരിശോധിച്ചു. ചർച്ചയുടെ വിശദമായ

റിപ്പോർട്ട് അവതരിപ്പിച്ചു. അവരുടെ സംശയങ്ങൾക്ക് മറുപടിയും വേണ്ടതായ നിർദ്ദേശങ്ങളും രൂപതാ ഡയറക്ടർ നൽകി. ഫൊറോന വികാരി റവ. ഫാ. ജോർജ് മൈലാടൂർ അമ്മമാരോടു സംസാരിച്ചു. മേഖല ആനിമേറ്ററുടെ നന്ദിയോടുകൂടി യോഗം അവസാനിച്ചു.

## ഇടിവണ്ണ ശാഖ

ബഹു. ഡയറക്ടർ ജിൽസൻ കോക്കണ്ടത്തിൽ അച്ചന്റെയും, ആനിമേറ്റർ സി. ഹെലന്റെയും നേതൃത്വത്തിൽ പ്രവർത്തനങ്ങൾ വളരെ ഭംഗിയായി പോകുന്നു. മാസത്തിന്റെ രണ്ടാം ശനിയാഴ്ചകളിൽ ശാഖാ എക്സിക്യൂട്ടീവ് നടത്താറുണ്ട്. എല്ലാ വാർഡിൽ നിന്നുമുള്ള വനിതാ പ്രതിനിധികളെ ഈ യോഗത്തിൽ ഉൾപ്പെടുത്താറുണ്ട്. എല്ലാ ശനി, ഞായർ, തിങ്കൾ എന്നീ ദിവസങ്ങളിൽ വി.കുർബാനയ്ക്ക് മുമ്പ് മാതൃ സംഘത്തിന്റെ നേതൃത്വത്തിൽ ജപമാല അർപ്പിക്കുന്നു. എല്ലാ ശനി യാഴ്ചയും ദേവാലയവും പരിസരവും വൃത്തിയാക്കുന്നു. വൈദിക വർഷാചരണസമാപനത്തിന് സ്നേഹവിരുന്ന് ഒരുക്കുന്നതിന് അമ്മമാർ സജീവമായി പങ്കെടുത്തു. എല്ലാ ഞായറാഴ്ചയും വി. ബലി മദ്ധ്യേ മാതൃസംഘത്തിന്റെ നേതൃത്വത്തിൽ തിരുവചനങ്ങൾ വായിക്കുന്നു.

## ഏലപ്പീടിക ശാഖ

ഏലപ്പീടിക ഇടവകയിൽ റവ. ഫാ. ചാക്കോച്ചൻ വാഴക്കാലാ യുടെ നേതൃത്വത്തിൽ പ്രസിഡന്റ് ശ്രീമതി ലിസമ്മ മഠത്തിപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ആനിമേറ്റർ സി. ജോസ്ന SKD യുടെ സാന്നിധ്യ ത്തിൽ മാതൃസംഘത്തിന്റെ മീറ്റിംഗ് നടത്തി. റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ചെയിൻ റോസറി നടത്തിയതിൽ അമ്മമാരെ വികാരി യച്ചൻ അഭിനന്ദിച്ചു. അബ്രാഹത്തിന്റെ വിളി അനുഗ്രഹത്തിന്റെ വിളി യാണെന്നും ഈ അനുഗ്രഹം സ്വീകരിക്കാൻ സാധിച്ചത് അബ്രാഹം ദൈവത്തോടു ചേർന്നു നിന്നതുകൊണ്ടാണെന്നും അതുകൊണ്ട് നമ്മുടെ ജീവിതവും ദൈവത്തോട് ചേർന്ന് നിൽക്കുന്നതായിരിക്കണ മെന്നും അച്ചൻ സന്ദേശത്തിൽ അമ്മമാരെ ആഹ്വാനം ചെയ്തു.

തിരുഹൃദയ ജപമാല ചെയിൻ റോസറിയായി എടുത്തു അമ്മ മാർ അവരുടെ ഭവനങ്ങളിൽ നടത്തി, രോഗി സന്ദർശനം നടത്തി പ്രാർത്ഥിച്ചു.

**റവ. ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സിയോൻ വാർത്തകൾ

2010 ജൂലൈ 2 സോണൽ മീറ്റിംഗിനായി 66 ശുശ്രൂഷകർ സീയോൻ ചാപ്പലിൽ ബഹു. ബാബു പാറയിൽ അച്ചന്റെ അദ്ധ്യക്ഷത യിൽ ഒന്നിച്ചുചേർന്നു. 9.45 ന് ആരംഭിച്ച ആരാധനയിൽ സി. ടീനാ എസ്.എച്ച്. ജപമാലയും, ശ്രീ. ജോസ് തേനംമാക്കൽ സ്തുതി ആരാധാനയും മദ്ധ്യസ്ഥ പ്രാർത്ഥനയും നയിച്ചു. 10.45 ന് ശ്രീ. പൈലി തുറപ്പാട്ട് വചനം പങ്കുവച്ചു. 12 മണിക്ക് ബഹു. ജോർജ് മേമന അച്ചൻ വി.ബലി അർപ്പിച്ച് വചനസന്ദേശം നൽകി. ലഘുഭക്ഷണത്തിനുശേഷം 2.10 ന് ശ്രീ. സാലു അബ്രാഹം പ്രോലൈഫ് സെക്രട്ടറി കേന്ദ്ര ഗവൺമെന്റ് നടപ്പാക്കാനുദ്ദേശിക്കുന്ന കൃത്രിമ പ്രത്യുല്പാദന സാങ്കേ തിക ബില്ലും അതിന്റെ ധാർമ്മികപ്രശ്നങ്ങളും വിശദീകരിച്ചുകൊണ്ട് ക്ലാസ് എടുത്തു. ഈ ബില്ല് പാർലമെന്റിൽ എത്താതിരിക്കാൻ ഒരു പ്രാർത്ഥനായജ്ഞം നാം ആരംഭിക്കണം. മനുഷ്യജീവൻ വില കൊടു ത്തുവാങ്ങുന്ന വ്യവസ്ഥിതി തീർത്തും അധാർമ്മികമാണ് എന്ന് അദ്ദേഹം പറഞ്ഞു.

**ജാഗരണ പ്രാർത്ഥന**

പതിവുപോലെ 6– 6.30 മൗനപ്രാർത്ഥന, 6.30 – 7 ജപമാല. ഇവ യ്ക്കുശേഷം 7.p.m. ബഹു. സെബാസ്റ്റ്യൻ പാറയിൽ അച്ചൻ വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി. സീയോൻ ശുശ്രൂഷകർ തന്നെ തയ്യാ റാക്കിയ അത്താഴം ജാഗരണ പ്രാർത്ഥനക്കായി വന്ന എല്ലാവർക്കും നൽകി. തുടർന്ന് കുരിശിന്റെ വഴിനടത്തി. 9 മണിക്ക് ആരംഭിച്ച ജാഗ രണ പ്രാർത്ഥനക്ക് ബഹു. പാറയിൽ അച്ചനും സിയോൻ ടീമും നേതൃത്വം നൽകി. ബഹു. മനോജ് കാക്കോനാൽ അച്ചൻ സമാപന പ്രാർത്ഥന നടത്തുകയും ആശീർവ്വാദം നൽകുകയും ചെയ്തു.

## ആദ്യശനി - ഏകദിന കൺവെൻഷൻ

വി. തോമ്മാശ്ലീഹായുടെ തിരുന്നാൾദിനത്തിൽ വലിയ വിശ്വാസ തീക്ഷ്ണതയോടെ പ്രഭാതത്തിലുണർന്ന് ശുശ്രൂഷകർ മാതൃസന്നിധിയിൽ എത്തി. സീയോനു ചുറ്റും നടന്ന് അർപ്പിച്ച ജപമാല രഹസ്യങ്ങളിൽ വിവിധ നിയോഗങ്ങൾ കോർത്തിണക്കി. ഭാരത സഭയേയും മിഷൻ പ്രവർത്തനങ്ങളേയും വിശ്വാസജീവിതത്തേയും എല്ലാം സമർപ്പിച്ച് പ്രാർത്ഥിച്ചു. ബഹു. പാറയിൽ അച്ചൻ വചനസന്ദേശം നൽകി. പ്രാർത്ഥിച്ച് അനുഗ്രഹിച്ച് ശുശ്രൂഷകരെ ശുശ്രൂഷക്കായി ശക്തീകരിച്ചു. 11-12 ശ്രീ. ജോസ് പുന്നക്കുഴി സാർ വിശ്വാസകൈമാറ്റം എന്ന വിഷയത്തെപ്പറ്റി മനോഹരമായി ക്ലാസ് നയിച്ചു. വി. തോമ്മാശ്ലീഹായുടെ തിരുനാൾ ദിനമായ ഈ ദിവസം വിശുദ്ധന്റെ നാമധാരിയായ ബഹു. തോമസ് കാക്കോനാൽ (മനോജ്) അച്ചന് പുഷ്പം നൽകി മംഗളം ആശംസിച്ചു. അച്ചൻ വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി. ദിവ്യബലിയ്ക്കുശേഷം എസ്.എച്ച്. സിസ്റ്റേഴ്സിന്റെ സഭയുടെ ശതാബ്ദിസ്മാരകമായി സിസ്റ്റേഴ്സ് രചിച്ച് രൂപം നൽകിയ സി.ഡി. ബഹു. തോമസ് ജോസഫ് തേരകം അച്ചൻ പ്രകാശനം ചെയ്തു. ലഘുഭക്ഷണത്തിനുശേഷം സാക്ഷ്യങ്ങൾ. സൗഖ്യരാധനയും ദിവ്യകാരുണ്യ പ്രദക്ഷിണവും ദൈവാനുഭവം നിറഞ്ഞതായിരുന്നു. കർത്താവ് ധാരാളം കൃപകളും സൗഖ്യവും നൽകി തന്റെ മക്കളെ അനുഗ്രഹിച്ചു. കുമ്പസാരത്തിനും കൗൺസിലിംഗിനും അവസരം ഒരുക്കി. 3.15 ന് ശുശ്രൂഷകൾ അവസാനിച്ചു.

## രണ്ടാം ശനി ശുശ്രൂഷകൾ : 10-7-10

## ദമ്പതീ കൂട്ടായ്മ

32 പേർ കൂട്ടായ്മയിൽ പങ്കെടുത്തു. ബഹു. ജോസഫ് കാനാട്ട് എം.സി.ബി.എസ്. അച്ചൻ കൂട്ടായ്മയിലുള്ള ജീവിതത്തെപ്പറ്റി ക്ലാസെടുത്തു. വി. ബലി അർപ്പിച്ചു.

## കൗൺസിലിംഗ് ദിനം

57 പേർ വന്ന് കൗൺസിലിംഗ് നടത്തി. ശാരീരിക, മാനസിക, ആന്തരിക സൗഖ്യം നേടിപോയി

## യുവജനദിനം

40 യുവജനങ്ങൾ കൂട്ടായ്മയിൽ പങ്കെടുത്തു. ബഹു. മനോജ് കാക്കോനാൽ അച്ചൻ ക്ലാസെടുത്തു. വി. ബലി അർപ്പിച്ചു. കുമ്പസാരത്തിനും കൗൺസിലിംഗിനും അവസരം ഒരുക്കി.

**മൂന്നാംവെള്ളി സൗഖ്യദിനം : 16-7-10**

9.45 ന് ആരാധന ആരംഭിച്ചു. ശ്രീ. ജോസ് തേനംമാക്കൽ ജപമാലയും ശ്രീ. ചാക്കോച്ചൻ പുത്തൻപുര ആരാധനയും സൗഖ്യപ്രാർത്ഥനയും നയിച്ചു. ബഹു. ജോർജ് മേമന അച്ചൻ അഭിഷേക പ്രാർത്ഥന നടത്തി. 12-ന് വി.ബലി അർപ്പിച്ച് വചനസന്ദേശം നൽകി. രോഗികൾക്ക് കൗൺസിലിംഗ് നൽകി.

**സീയോൻ ഓഗസ്റ്റിൽ**

| | | |
|---|---|---|
| ഓഗസ്റ്റ് 6 ആദ്യവെള്ളി | - | സോണൽ മീറ്റിംഗ്, ജാഗരണ പ്രാർത്ഥന |
| 7 ആദ്യശനി | - | ഏകദിന കൺവെൻഷൻ<br>ക്രിസ്റ്റീൻ കൺവെൻഷൻ, കൗൺസിലിംഗ് |
| 14 രണ്ടാംശനി | - | പൊതുകൗൺസിലിംഗ്, യുവജനകൂട്ടായ്മ<br>ദമ്പതീകൂട്ടായ്മ |
| 20 മൂന്നാംവെള്ളി | - | സൗഖ്യദിനം, ജാഗരണപ്രാർത്ഥന |
| 21 - 25 | - | കോളേജ് കുട്ടികളുടെ ധ്യാനം |
| 27 | - | ജാഗരണപ്രാർത്ഥന - സുവിശേഷ മുന്നണി |

**റവ. ഫാ. സെബാസ്റ്റ്യൻ പാറയിൽ**
സിയോൻ ഡയറക്ടർ

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയ വിൻസെൻഷ്യൻ സഹോദരീസഹോദരന്മാരേ,

എല്ലാവർക്കും പരിശുദ്ധകന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ ത്തിരുനാൾ മംഗളങ്ങളും ഭാരത സ്വാതന്ത്ര്യപ്രഖ്യാപനത്തിന്റെ 63 -ാം വാർഷിക മംഗളങ്ങളും ആശംസിക്കുന്നു.

**ഏരിയാ കൗൺസിൽ പ്രസിഡന്റുമാരുടെയും കോൺഫ്രൻസ് പ്രസിഡന്റുമാരുടെയും പ്രത്യേക ശ്രദ്ധയ്ക്കായി രണ്ടുമൂന്നു കാര്യങ്ങൾ അറിയിക്കട്ടെ.**

**1. സ്കോളർഷിപ്പ് അപേക്ഷ**

നാഷണൽ കൗൺസിൽ പ്രതിവർഷം അനുവദിക്കുന്ന HES, TTS, AAS, VTS ഇനങ്ങളിലേക്കുള്ള സ്കോളർഷിപ്പ് അപേക്ഷകൾ ഈ വർഷവും സെപ്റ്റംബർ 30 നു മുമ്പായി എ.സി. പ്രസിഡന്റുമാർ സി.സി. ഓഫീസിൽ ഏല്പ്പിക്കേണ്ടതാണ്. അപേക്ഷയുടെ സാമ്പിൾ കോപ്പി എ. സി. പ്രസിഡന്റുമാർക്കു നൽകിയിട്ടുണ്ട്. ഒരു കോൺഫ്രൻസിൽ നിന്ന് ഒന്നിലധികം അപേക്ഷകൾ സ്വീകരിക്കേണ്ടതില്ല. ഓരോ ഇനവും വിശദീകരിക്കുന്നു.

**HES :** ഹയർ എജ്യൂക്കേഷണൽ സ്കോളർഷിപ്പ് ഉദ്ദേശിച്ചിരിക്കുന്നത് മെഡിസിൻ, എഞ്ചിനിയറിംഗ്, ഡിഗ്രിക്കു പഠിക്കുന്നവരെയുമാണ്. ഒരു സി.സി യ്ക്ക് ആകെ ഒരാൾക്കേ ലഭിക്കൂ. കോൺഫ്രൻസ് വിഹിതം 1000 രൂപയും നാഷണൽ വിഹിതം 4000 രൂപയും. നാല്/ അഞ്ച് വർഷ ത്തേയ്ക്ക്.

**TTS :** ടെക്നിക്കൽ ട്രെയിനിംഗ് സ്കീം : ഡിപ്ലോമ ഇൻ നേഴ്സിംഗ്, അഗ്രിക്കൾച്ചർ, ഹോർട്ടികൾച്ചർ, എഞ്ചിനിയറിംഗ്, ഐ.ടി.എ. എന്നി വയ്ക്ക്. രണ്ടോ മൂന്നോ വർഷത്തേയ്ക്ക് 3000 രൂപ (2700 + 300).

**AAS :** നേഴ്സിംഗ്, അഗ്രിക്കൾച്ചർ, ഹോർട്ടിക്കൾച്ചർ, എഞ്ചിനിയറിംഗ്, തൊഴിലധിഷ്ഠിത കോഴ്സുകളിൽ പ്രവേശനം കിട്ടിയവർക്ക് ഒരു വർഷ ത്തേയ്ക്ക് 2315 രൂപ (2025 + 290).

**VTS :** വൊക്കേഷണൽ ട്രെയിനിംഗ് സ്കോളർഷിപ്പ് എന്ന വിഭാഗത്തിലേയ്ക്ക് അപേക്ഷിക്കേണ്ടത് 22 വയസ്സിനു താഴെയുള്ളവരും മേൽപ്പറഞ്ഞ ഏതെങ്കിലും തൊഴിലധിഷ്ഠിത കോഴ്സുകളുടെ ഹ്രസ്വകാല ട്രെയിനിംഗ് (1 വർഷം ഒന്നരവർഷം) ചെയ്യുന്നവരാണ്.

**പൊതുനിയമങ്ങൾ**

(1) HES, TTS, AAS വിഭാഗത്തിൽ അപേക്ഷിക്കുന്നവരുടെ അപേക്ഷയുടെ 2 കോപ്പിയും (2010-11 ലെ ഫോറം) ഒരു കോപ്പിയോട് ചേർത്ത് SSLC യുടെയോ, PLUS TWO - വിന്റെയോ മാർക്ക് ലിസ്റ്റിന്റെ അറ്റെസ്റ്റ് ചെയ്ത കോപ്പിയും കോഴ്സ് പ്രവേശനം നേടിയ സർട്ടിഫിക്കറ്റും പിൻ ചെയ്യേണ്ടതാണ്. ഫോട്ടോയോ, മറ്റ് അനാവശ്യ സർട്ടിഫിക്കറ്റുകളോ വെയ്ക്കരുത്. VTS നു മാർക്ക് ലിസ്റ്റ് വേണ്ട, കോഴ്സ് അഡ്മിഷൻ സർട്ടിഫിക്കറ്റു മതി. അപേക്ഷ ഒറ്റ കോപ്പിയും മതി.

2) HES, TTS, AAS അപേക്ഷകർക്ക് 55 % മാർക്ക് നിർബന്ധം. കൂടിയ മാർക്കും കുറഞ്ഞ വരുമാനവുമാണ് പ്രധാന പരിഗണന.

3) HES, TTS വിഭാഗങ്ങളിൽ സെലക്ഷൻ കിട്ടുന്നവർ തുടർ വർഷങ്ങളിൽ കോഴ്സ് സർട്ടിഫിക്കറ്റും തുടർ പഠനത്തെ സംബന്ധിച്ച സത്യവാങ്മൂലവും സി.സി. യുടെ അറിയിപ്പനുസരിച്ച് യഥാസമയം നൽകേണ്ടതാണ്.

4) ഈ വർഷം അപേക്ഷ സ്വീകരിക്കപ്പെടുന്ന അവസാന തീയതി സെപ്റ്റംബർ 30.

5) അപേക്ഷകൾ കൃത്യമായും, വ്യക്തമായും, പൂർണ്ണമായും പൂരിപ്പിച്ചിരിക്കണം. സംശയങ്ങൾ സി. സി. ഭാരവാഹികളോടു ചോദിച്ച് മനസ്സിലാക്കണം.

**ഓസ്സാനാംഭവൻ സന്ദർശനം**

ജൂലൈ മാസത്തിലെ ബുള്ളറ്റിനിൽ ആഗസ്റ്റ് മാസം നടത്തേണ്ട എ. സി. കളുടെ പേരുചേർക്കാൻ മറന്നതിൽ ഖേദിക്കുന്നു.

ആഗസ്റ്റ് 1-15 : ബത്തേരി എ.സി., 16-31 : ചുണ്ടക്കര എ. സി, സെപ്റ്റംബർ 1-15 : കല്ലോടി എ.സി., 16-30 : കല്പറ്റ എ.സി.

**സി.സി. പ്രസിഡന്റ് തെരഞ്ഞെടുപ്പ്**

തെരഞ്ഞെടുപ്പ് സംബന്ധിച്ച് എ.സി. പ്രസിഡന്റുമാർക്കും കോൺഫ്രൻസ് പ്രസിഡന്റുമാർക്കും ഇലക്ഷൻ ഓഫീസർ അയച്ച ഔദ്യോഗിക അറിയിപ്പ് ഇതിനകം കിട്ടികാണുമെന്നും, ശരിയായ പരിചിന്തനത്തിനു ശേഷവും പ്രാർത്ഥനാചൈതന്യത്തോടെയും പ്രതികരിക്കുമെന്നും പ്രതീക്ഷിക്കുന്നു.

**ബ്ര. ആന്റണി പറയിടം**

സി.സി. വൈസ് പ്രസിഡന്റ് & ഇലക്ഷൻ ഓഫീസർ



# ജയിൽ മിനിസ്ട്രി

**2010 ജൂൺ**

2010 ജൂൺ 20 ന് വൈത്തിരി സബ്ജയിൽ സന്ദർശനത്തിനായി വന്നത് ചുള്ളിയോട് പള്ളി വികാരിയും സംഗീതജ്ഞനുമായ ബഹുമാനപ്പെട്ട വിജയനച്ചനും അവിടെ നിന്നുള്ള തിരുഹൃദയസന്യാസിനീ സമൂഹാംഗങ്ങളുമാണ്. മനോഹരങ്ങളായ ഗാനങ്ങളായിരുന്നു തടവറക്കാർക്കുവേണ്ടി അച്ചൻ ഒരുക്കിയ വിരുന്ന്. ഇതിലൂടെ തടവറമക്കളുടെ മനസ്സുകളെ ഭൂതകാലത്തിന്റെ ഗൃഹാതുരത്വത്തിലേയ്ക്ക് കൂട്ടികൊണ്ടുപോകുവാൻ വിജയനച്ചനു കഴിഞ്ഞു. ഓരോ ഗാനങ്ങളും ഹൃദയസ്പർശിയായി മാറുമ്പോൾ സജലങ്ങളായ അവരുടെ നയനങ്ങൾ കഴിഞ്ഞ ജീവിതത്തിന്റെ നഷ്ടപ്പെട്ട നല്ല ഓർമ്മകളെ പ്രതിഫലിപ്പിക്കുകയായിരുന്നു. അച്ചനോടൊപ്പം താമരശ്ശേരി MCBS സനാതന സെമിനാരിയിലെ ദൈവശാസ്ത്ര വിദ്യാർത്ഥികളും വിവിധ കലാപരിപാടികളിലൂടെ തടവറമക്കളുടെ മുമ്പിൽ സന്നിഹിതരായി. ശേഷം തടവറക്കാരുടെ കലാപരിപാടികളും അരങ്ങേറി. തടവറയിലുള്ളവരെ നേരിട്ട് കാണാനും സംസാരിക്കാനും അവർക്കു സാധിച്ചു. വിജയനച്ചൻ നൽകിയ മധുരപലഹാരങ്ങൾ സ്വീകരിക്കുമ്പോൾ വീണ്ടും കാണാം എന്ന മൗന സന്ദേശം അവരുടെ നയനങ്ങളിൽ പ്രതിഫലിപ്പിച്ചിരുന്നു. ചുള്ളിയോടുനിന്നുള്ള SH സിസ്റ്റേഴ്സിന്റെ സംഘഗാനവും അവരുടെയും വൈത്തിരി SH സിസ്റ്റേഴ്സിന്റെയും സാന്നിദ്ധ്യവും തടവറ സന്ദർശനത്തിന് മിഴിവേറ്റി. സ്നേഹമുള്ള വിജയനച്ചനും സിസ്റ്റേഴ്സിനും ഹൃദയഭാഷയിൽ നന്ദി പ്രകാശിപ്പിക്കുന്നു.

**2010 ജൂലൈ**

ജീസസ് ഫ്രട്ടേണിറ്റിയുടെ നേതൃത്വത്തിലുള്ള തടവറസന്ദർശന

ത്തിന് 2010 ജൂലൈ മാസം 18 -ാം തീയതി വൈത്തിരി സബ്ബ് ജയിലിൽ വന്നത് ജൂഡ്സ് മൗണ്ട് ഇടവകയിൽ നിന്നും ബഹു. മൈക്കിൾ വട ക്കേമുളഞ്ഞനാൽ അച്ചന്റേയും ബഹു. FCC സിസ്റ്റേഴ്സിന്റെയും നേതൃ ത്വത്തിലുള്ള ഇടവകയിലെ അമ്മമാർ ആണ്. തടവറ സന്ദർശനം എന്ന തങ്ങളുടെ ആദ്യഅനുഭവം അവരെ അത്യധികം ആകർഷിച്ചു. തടവറ ക്കാരോടൊത്ത് ഒന്നരമണിക്കൂർ ചെലഴിക്കാനും സംസാരിക്കാനും വിവി ധങ്ങളായ കലാപരിപാടികൾ അവതരിപ്പിക്കാനും അവർക്ക് കഴിഞ്ഞു. അല്പനേരത്തേയ്ക്ക് തടവറമക്കളെ അവരുടെ ആകുലതകളിൽ നിന്നും മാറ്റി നിർത്താൻ ഇവർക്ക് കഴിഞ്ഞു. തടവറക്കാരുടെ കലാപരിപാടിക ളോടെയും ശേഷമുള്ള മധുരപലഹാരവിതരണത്തോടെയും തടവറ സന്ദർശനം സമാപിച്ചു. ഇതിന് താത്പര്യമെടുത്തുവന്ന ബഹു. മൈക്കി ളച്ചനും കല്ലോടിയിലെ ബഹു. FCC സിസ്റ്റേഴ്സിനും ഹൃദയപൂർവ്വം നന്ദി പറയുന്നു. വൈത്തിരി SH സിസ്റ്റേഴ്സിന്റെയും മറ്റും സാന്നിധ്യവും ശ്രദ്ധേയമായി.

**ഫാ. ബിനു പൈനുങ്കൽ**
ഡയറക്ടർ

## കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**മോചന - മൂന്നാനക്കുഴി**

വുമൺസ് വെൽഫയർ അസോസിയേഷൻ ഫാം വയനാടിന്റെ നേതൃത്വത്തിൽ മൂന്നാനക്കുഴിയിൽ വെച്ച് മോചന നടത്തി. എഴുപത്തിയഞ്ചോളം ആളുകൾ പങ്കെടുത്തു.

**മോചന - പഴൂർ സെന്റ് ആന്റണീസ്**

അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് പഴൂർ സെന്റ് ആന്റണീസ് യു.പി.സ്കൂൾ വിദ്യാർത്ഥികൾക്കായി മോചന നടത്തി. ടെലിഫിലിം, സ്ലൈഡ്ഷോ എന്നിവ നടത്തി. സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി ഒ.എം. മേരീസ് ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ ക്ലാസുകൾ നയിച്ചു.

**മോചന - വടുവൻചാൽ എച്ച്.എസ്.എസ്**

വടുവൻചാൽ ഗവ.ഹയർ സെക്കണ്ടറി സ്കൂൾ ജെ.ആർ.സി. യുടെ നേതൃത്വത്തിൽ ജെ.ആർ.സി അംഗങ്ങൾക്കായി മോചന നടത്തി. വിദ്യാർത്ഥികളുടെ ലഹരി വിരുദ്ധ റാലിയും ഉണ്ടായിരുന്നു. ലഹരി വിരുദ്ധദിനാചരണത്തോടനുബന്ധിച്ചാണ് പരിപാടികൾ സംഘടിപ്പിച്ചത്. രൂപതാ പ്രസിഡന്റ് നേതൃത്വം നൽകി.

**വാകേരി സെന്റ് ആന്റണീസ്**

വാകേരി സെന്റ് ആന്റണീസ് പള്ളി സൺഡെ സ്കൂളിലെ വിദ്യാർത്ഥികൾക്കായി മോചന നടത്തി. CML ന്റെ നേതൃത്വത്തിലാണ് പരിപാടികൾ സംഘടിപ്പിച്ചത്. 1 മുതൽ 12 വരെയുള്ള വിദ്യാർത്ഥികൾ രാവിലെ 11.30 മുതൽ 4 മണിവരെ നടത്തിയ പരിപാടിയിൽ പങ്കാളിക

ളായി. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ നേതൃത്വം നൽകി. മോചന നടത്തുവാൻ അവസരം ഒരുക്കിയ ബഹുമാന വികാരി തേരകത്തിലച്ചനും സൺഡേസ്കൂൾ പ്രധാന്യാപകനും സഹഅദ്ധ്യാപകർക്കും ഹൃദയം നിറഞ്ഞ നന്ദി.

### മലപ്പുറം സത്യാഗ്രഹ പന്തൽ സന്ദർശിച്ചു

575 ദിവസമായി മലപ്പുറം കലക്ട്രേറ്റ് പടിക്കൽ നടത്തുന്ന അനശ്ചിതകാല സത്യാഗ്രഹപന്തൽ രൂപതാ ഭാരവാഹികൾ സന്ദർശിച്ച് ഒരു ദിവസം സത്യാഗ്രഹം അനുഷ്ഠിച്ച് മാനന്തവാടി രൂപതയുടെ പിന്തുണ അറിയിച്ചു. രൂപതാ ഡയറക്ടർ റവ. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ, രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ, സെക്രട്ടറി ടോമി നെടുംകൊമ്പിൽ, ബേബി പേടപ്പാട്ട്, സി. ജോവിറ്റ എന്നിവരാണ് സത്യാഗ്രഹമനുഷ്ഠിച്ചത്.

### വരിപ്ര കോളനി സന്ദർശനം

വ്യാജ കള്ള് കുടിച്ച് 6 വയസ്സ് പ്രായമുള്ള ആദിവാസി ബാലൻ മരിച്ച വരിപ്ര ആദിവാസി കോളനി മദ്യവിരുദ്ധ സമിതി രൂപത ഭാരവാഹികൾ സന്ദർശിച്ചു. ഭവന സന്ദർശനം നടത്തി. ദുരന്തത്തെപ്പറ്റി വിശദമായ പഠനം നടത്തി. രണ്ട് കുട്ടികളാണ് വ്യാജമദ്യം കഴിച്ചത്. ഒരാൾ മരണത്തിൽനിന്ന് രക്ഷപ്പെട്ടു. സി. ജോവിറ്റ, പി.എ.ജയിംസ്, ബാബു വടുവൻചാൽ എന്നിവരാണ് കോളനി സന്ദർശിച്ചത്.

### ലഹരി വിരുദ്ധ ദിനാചരണം

അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനാചരണം സമുചിതമായി ആഘോഷിച്ചു. പ്രചരണപരിപാടിയുടെ ഭാഗമായി ലഘുലേഖകൾ വിതരണം ചെയ്തു. സമിതിയോടൊപ്പം, അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി, സെന്റ് മേരീസ് കോളേജ് ബത്തേരി വനിത എൻ.സി.സി ക്രഡറ്റ്കളും, പഴൂർ സെന്റ് ആന്റണീസ് യുപി.സ്കൂൾ, വടുവൻചാൽ എച്ച്.എച്ച്.സിലെ ജെ.ആർ.സി. അംഗങ്ങൾ എന്നിവർ ബത്തേരി ടൗൺ, വിവിധ സ്ഥലങ്ങളിലെ ഭവനങ്ങൾ എന്നിവിടങ്ങളിൽ ലഘുലേഖകൾ വിതരണം ചെയ്തു.

### രൂപതാ സമിതി യോഗം

ജൂലൈ 3 ന് സമിതിയുടെ രൂപത കമ്മിറ്റിയോഗം ചേർന്നു. മദ്യവിരുദ്ധ സമിതി പ്രവർത്തനങ്ങൾ ഫൊറോന തലത്തിൽ നടത്തുവാൻ തീരുമാനിച്ചു. വിവിധ മേഖലകളിൽ അർദ്ധദിന കൺവെൻഷൻ

നടത്തുവാൻ തീരുമാനമെടുത്തു. സമീപകാലത്തായി വർദ്ധിച്ചു വരുന്ന മദ്യപാനം മൂലമുണ്ടാകുന്ന മരണത്തെക്കുറിച്ച് യോഗം ആശങ്കകൾ പങ്കുവെച്ചു.

**ഫൊറോനതല കൺവെൻഷൻ**

ആഗസ്റ്റ് 8 രാവിലെ 10 മുതൽ 1 മണിവരെ ചുങ്കക്കുന്ന് - കല്ലോടി ഫോറോനകളിൽ, ആഗസ്റ്റ് 8 ഉച്ചകഴിഞ്ഞ് 2 മുതൽ 4.30 വരെ പയ്യമ്പള്ളി - മാനന്തവാടി ഫൊറോനകളിൽ, ആഗസ്റ്റ് 21 ശനി രാവിലെ 10 മുതൽ 12.30 വരെ നടവയൽ - തരിയോട് ഫൊറോനകളിൽ, ആഗസ്റ്റ് 21 ശനി ഉച്ചക്ക് 2 മുതൽ 4.30 വരെ മുള്ളൻകൊല്ലി - കല്പ്പറ്റ ഫൊറോനകളിൽ, സെപ്റ്റംബർ 4 ന് ശനി രാവിലെ 10 മുതൽ 12.30 വരെ ബത്തേരി - മണിമൂളി ഫൊറോനകളിൽ, സെപ്റ്റംബർ 4 ന് ശനി ഉച്ചയ്ക്ക് 2 മുതൽ 4.30 വരെ നിലമ്പൂർ, സെപ്റ്റംബർ 18 ന് ശനി രാവിലെ 10 മുതൽ 12.30 വരെ ഗൂഡല്ലൂർ.

വിശദവിവരങ്ങൾ ഇടവകകളെ അറിയിക്കുന്നതാണ്.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡന്റ്



# അറിയിപ്പുകൾ

## 1) അത്യുന്നതൻ

### മാനന്തവാടി രൂപത മീഡിയാ കമ്മീഷനും മാഗ്രമ്പ മ്യൂസിക്ക് അക്കാഡമിയും ചേർന്നൊരുക്കുന്ന ആരാധനക്രമഗീതങ്ങൾ

ആരാധനക്രമത്തിൽ, പ്രത്യേകിച്ച് വിശുദ്ധകുർബാനയിലും മറ്റ് കൂദാശകളിലും ഉപയോഗിക്കാൻവേണ്ടി മാത്രം ചിട്ടപ്പെടുത്തിയ ഗീതങ്ങളുടെ അഭാവം ഈ രംഗത്ത് കേവലം ഭക്തിഗാനങ്ങളുടേയും ചിലപ്പോൾ ഭക്തിഗാനരൂപത്തിലുള്ള സിനിമാഗാനങ്ങളുടെപോലും കടന്നുകയറ്റത്തിന് കാരണമായിട്ടുണ്ട്. ഈ സ്ഥിതിക്കൊരു മാറ്റം വരുത്താനുള്ള ശ്രമത്തിന്റെ ഭാഗമായി മാനന്തവാടി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവിന്റെ പ്രത്യേക താൽപര്യപ്രകാരം രൂപപ്പെടുത്തിയവയാണ് ഈ ഗീതങ്ങൾ. ഇതിലെ ഗീതങ്ങൾ വിശുദ്ധകുർബാനയിലും അതിനോടനുബന്ധിച്ചും ആലപിക്കാൻ വേണ്ടി പ്രത്യേകം തയ്യാറാക്കിയവയാണ്. മാഗ്രമ്പ മ്യൂസിക് അക്കാദമിയിലെ ശ്രീ. അൽഫോൻസാണ് സംഗീത നിർവഹണം. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

**ശ്രീ ജെയിൻ റ്റി. ജോസഫ്** Mob: 9744056734

♦♦

## 2) KCBC സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു

2010 ലെ SSLC, PLUS TWO, VHSC, DEGREE, POST GRADUATE, TTC, BEd. തുടങ്ങിയ പരീക്ഷകളിൽ ഫസ്റ്റ് ക്ലാസ് വാങ്ങി പ്രശസ്ത വിജയം കരസ്ഥമാക്കിയ ദളിത് കത്തോലിക്കാ കുട്ടികൾക്കു KCBC (കേരളാ കാത്തലിക് ബിഷപ്സ് കൗൺസിൽ) ഏർപ്പെടുത്തിയിരിക്കുന്ന സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു. അർഹരായിട്ടുള്ളവർ 2010 ആഗസ്റ്റ് 15 നകം DCMS രൂപതാ ഡയറക്ടറുടെ സാക്ഷി ഒപ്പോടുകൂടി ഫാ. ജോൺ അരീക്കൽ, സെക്രട്ടറി, KCBC SC/ST/BC കമ്മീഷൻ, സേക്രട്ട് ഹാർട്ട് ചർച്ച്, അടൂർ പി.ഒ. 691 523, പത്തനംതിട്ട ജില്ല എന്ന വിലാസത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. (അപേക്ഷാഫോം ആവശ്യമുള്ളവർ രൂപതാ ചാൻസലറുമായി ബന്ധപ്പെടുക.)

**ഫാ. ജോൺ അരീക്കൽ**

സെക്രട്ടറി, KCBC SC/ST/BC കമ്മീഷൻ, ഫോൺ: 9447022347

♦♦

## 3) സീറോമലബാർ റിസർച്ച് സെന്റർ അവാർഡ് അപേക്ഷ ക്ഷണിക്കുന്നു.

മൗണ്ട് സെന്റ് തോമസ് : സീറോമലബാർ സഭയുടെ ഗവേഷണ പഠനങ്ങൾക്കായി സ്ഥാപിച്ചിട്ടുള്ള റിസർച്ച് സെന്ററിന്റെ പത്താം പിറന്നാളിന്റെ ഭാഗമായി സ്ഥാപിക്കപ്പെട്ടിട്ടുള്ള അവാർഡിന്റെ നാമനിർദ്ദേശങ്ങൾ ക്ഷണിക്കുന്നു. ഇരുപത്തയ്യായിരം രൂപയും ഷീൽഡും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്. സീറോമലബാർ സഭയുടെ ആരാധനക്രമം, ദൈവശാസ്ത്രം, ആദ്ധ്യാത്മികത, ചരിത്രം, ശിക്ഷണക്രമം എന്നിവയുടെ പരിപോഷണത്തിനുവേണ്ടി സ്ഥാപിക്കപ്പെട്ടിട്ടുള്ള ഗവേഷണകേന്ദ്രത്തിന്റെ ശ്രമങ്ങളുടെ ഫലമായിട്ടാണ് ഈ പുരസ്ക്കാരം ഏർപ്പെടുത്തുന്നത്. മേജർ ആർച്ച് ബിഷപ്പ് മാർ വർക്കി വിതയത്തിൽ രക്ഷാധികാരിയും ആർച്ച് ബിഷപ്പ് ആൻഡ്രൂസ് താഴത്ത് ചെയർമാനും ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട് സിനഡ് പ്രതിനിധിയും ഫാ. ഡോ. സെബാസ്റ്റ്യൻ നടുത്തടം എക്സിക്യൂട്ടീവ് ഡയറക്ടറും ഫാ. ഡോ. ജോസ് പാലക്കിൽ, ഫാ. ഡോ. പോളി മണിയാട്ട് ഡയറക്ടർ ബോർഡ് അംഗങ്ങളുമായിരിക്കുന്ന സമിതിയാണ് ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. സീറോമലബാർ സഭാസിനഡിന്റെ അംഗീകാരത്തോടെ നൽകുന്ന ഈ അവാർഡിന് സഭയുടെ പൗരസ്ത്യവും ഭാരതീയവുമായ ക്രൈസ്തവ പോഷണാർത്ഥം ദൈവശാസ്ത്രം, സാഹിത്യം, കല, സംസ്ക്കാരം, ചരിത്രം, ശിക്ഷണക്രമം തുടങ്ങിയ മേഖലകളിൽ ശ്രദ്ധേയവും വിലപ്പെട്ടതുമായ മികച്ച സംഭാവനകൾ നൽകിയ സീറോമലബാർ അംഗങ്ങളിൽ നിന്നാണ് നാമനിർദ്ദേശങ്ങൾ ക്ഷണിക്കുന്നത്. വർഷത്തിലൊരിക്കലായിരിക്കും ഈ അവാർഡ് നൽകപ്പെടുന്നത്.

നിയമാവലി അനുസരിച്ച്, ഈ വർഷം മേൽപ്പറഞ്ഞ മേഖലകളിൽ മികച്ചപ്രവർത്തനങ്ങൾ നടത്തി വ്യക്തിമുദ്ര പതിപ്പിച്ച വൈദികരുടേയും സന്യസ്തരുടേയും അല്മായരുടേയും പേരുകളാണ് ക്ഷണിക്കുന്നത്. 2009 ഡിസംബർ 30 വരെയുള്ള സംഭാവനകൾ മാത്രമെ സ്വീകരിക്കുകയുള്ളു. അവാർഡിനായി പരിഗണിക്കപ്പെടേണ്ട വ്യക്തിയുടെ സംഭാവനകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ, പുസ്തകങ്ങൾ, ലേഖനങ്ങൾ, ചിത്രങ്ങൾ, ഫോട്ടോഗ്രാഫുകൾ തുടങ്ങിയവ നാമനിർദ്ദേശത്തോടൊപ്പം സമർപ്പിക്കേണ്ടതാണ്. നാമനിർദ്ദേശങ്ങൾ 2010 ആഗസ്റ്റ് 31-നകം ഡയറക്ടർ, ലിറ്റർജിക്കൽ റിസർച്ച് സെന്റർ, മൗണ്ട് സെന്റ് തോമസ്, പി.ബി. നമ്പർ 3110, കാക്കനാട് പി.ഒ., കൊച്ചി-682 030, ഇൻഡ്യ എന്ന വിലാസത്തിൽ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. ഓരോ വർഷവും മാർ തോമാശ്ലീഹായുടെ ഭാരത പ്രവേശന തിരുനാളിനോട

നുബന്ധിച്ച് (നവംബർ 21) ന് നടത്തപ്പെടുന്ന വാർഷിക സമ്മേളനത്തിൽ വച്ച് അവാർഡ് നൽകുന്നതാണെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. സെബാസ്റ്റ്യൻ നടുത്തടം അറിയിച്ചു. സീറോമലബാർ റിസർച്ചു സെന്ററിന്റെ പ്രഥമ അവാർഡ് അറിയപ്പെടുന്ന ചരിത്ര ഗവേഷകനും, ക്രിസ്തീയ കലാ സാംസ്കാരികരംഗത്ത് അമൂല്യമായ സംഭാവനകൾ അർപ്പിക്കുകയും ചെയ്തിട്ടുള്ള പ്രൊഫ. ജോർജ് മേനാച്ചേരിക്ക് 2009 നവംബർ 21-ാം തീയതി നൽകുകയുണ്ടായി.

## 4) "ദ പോപ്പ്സ്" (The Popes)

വി. പത്രോസ് മുതൽ ഇപ്പോഴത്തെ പരി.പിതാവ് ബനഡിക്ട് പതിനാറാമൻ വരെയുള്ള 265 മാർപ്പാപ്പമാരുടെ ലഘു ജീവചരിത്രമാണ് 'ദ പോപ്പ്സ്' ('The Popes') ശ്രീ. എം.സി. ഇൽഡെഫോൺസാണ് ഈ ഗ്രന്ഥത്തിന്റെ കർത്താവ്. 1000 രൂപക്ക് വിലയുള്ള ഈ പുസ്തകം സബ്സിഡി നിരക്കിൽ ലഭിക്കുവാൻ താഴെ പറയുന്ന അഡ്രസ്സിൽ ബന്ധപ്പെടുക. കോപ്പികൾ ഇംഗ്ലീഷിലും മലയാളത്തിലും ലഭ്യമാണ്.

**Sri. M.C. Ildiphonse**
Vellackal House, Pakalomattom P.O.
Kuravilangad - 686642, Kottayam
Phone: 04822 - 230319, Mob: 9447662270

**Manager**
WI Gi Printers, Mananam P.O., Kottayam

## 5) മലബാറിൽ സി.എം.ഐ. സഭയുടെ പ്ലാറ്റിനം ജൂബിലി

മലബാർ കുടിയേറ്റക്കാരുടെ ഇടയിൽ സീറോമലബാർ വൈദീകരുടെ സേവനം ആരംഭിച്ചിട്ട് 75 വർഷം പൂർത്തിയാകുകയാണ്. 1923 ജൂൺ 12-ാം തീയതി സ്ഥാപിതമായ കോഴിക്കോട് ലത്തീൻ രൂപതയുടെ പ്രഥമമെത്രാൻ അഭിവന്ദ്യ പോൾ പെരീനി എസ്.ജെ. ഒരാശ്രമം സ്ഥാപിക്കാൻ സി.എം.ഐ. സഭയെ ക്ഷണിച്ചെങ്കിലും അദ്ദേഹത്തിന്റെ പിൻഗാമി മോൺ. റൻസാനി രൂപതാഭരണം നടത്തുമ്പോഴായിരുന്നു 1935 ജൂലൈ 31-ാം തീയതി കോഴിക്കോട് ഫറോക്കിനടുത്ത് ചെറുവണ്ണൂരിൽ ഒരാശ്രമം സ്ഥാപിതമായത്. ചെറുവണ്ണൂർ തിരുഹൃദയ ദേവാലയത്തിന്റെ വികാരിയായി ബഹു. അത്തനേഷ്യസ് സി.എം.ഐ. നിയമിക്കപ്പെടുകയും ചെയ്തു.

ഒരു വർഷം തികയുന്നതിന് മുമ്പ് 1936 സെപ്റ്റംബർ 8-ാം തീയതി

കടലുണ്ടി സെന്റ് പോൾ ആശ്രമവും സ്ഥാപിതമായി. അവിടത്തെ സി.എം.ഐ. വൈദീകർ കോഴിക്കോട് രൂപതയിലെ വൈദീകരോടൊപ്പം കുടിയേറ്റക്കാരെ ധ്യാനിപ്പിക്കാനും അവർക്കുവേണ്ടി ദിവ്യബലി അർപ്പിക്കുവാനും, കൂദാശകൾ പരികർമ്മം ചെയ്യാനും തുടങ്ങി. കുടിയേറ്റ ജനതയ്ക്ക് അപരിചിതമായ ലത്തീൻ റീത്തിൽ വൈദീകശുശ്രൂഷ ലഭിക്കുന്നതിൽ തൃപ്തരാകാതെ അന്നത്തെ കുടിയേറ്റക്കാർ അല്മായ നേതാവായിരുന്ന ശ്രീ. ജോസഫ് കല്ലിടുക്കിലിന്റെ നേതൃത്വത്തിൽ പരി. സിംഹാസനത്തിലേയ്ക്കും അഭിവന്ദ്യമെത്രാന്മാർക്കും മെമ്മോറാണ്ടങ്ങൾ അയച്ചിരുന്നു.

ഇതിന് ഫലം കണ്ടത് 1949 ലാണ്. റോമിലെ പ്രൊപ്പഗാന്ത തിരുസംഘവും പൗരസ്ത്യ തിരുസംഘവുംകൂടി ആലോചിച്ച് പമ്പയ്ക്കും ഭാരതപുഴയ്ക്കും വെളിയിൽ സീറോ മലബാർ റീത്തിന് ഏർപ്പെടുത്തിയിരുന്ന വിലക്ക് മാറ്റുകയും 1949 ഏപ്രിൽ മാസത്തോടെ മലബാർ കുടിയേറ്റക്കാർക്കുവേണ്ടി ആദ്യത്തെ സീറോ മലബാർ ഇടവക സ്ഥാപിതമാകുകയും ചെയ്തു. കോഴിക്കോട് മെത്രാൻ അഭിവന്ദ്യ പത്രോണി പിതാവിന്റെ അംഗീകാരത്തോടെ സ്ഥാപിതമായ മലബാറിലെ ആദ്യത്തെ സീറോ മലബാർ ഇടവക ഇന്ന് മാനന്തവാടി രൂപതയിലുള്ള തരിയോടും ആദ്യത്തെ വികാരി ബഹു. കെറുബിൽ പൊരിയത്ത് സി.എം.ഐ. യുമായിരുന്നു. തരിയോട് ഇടവക സ്ഥാപനത്തിന്റെ സദ്ഫലങ്ങൾ കണ്ട പത്രോണി പിതാവ് ഒരു ദിവസം തന്നെ - 1949 ആഗസ്റ്റ് 14-ാം തീയതി ഞായറാഴ്ച - അഞ്ച് സീറോ മലബാർ ഇടവകകൾകൂടി സ്ഥാപിക്കുകയും സി.എം.ഐ. സഭാംഗങ്ങളെ വികാരിമാരായി നിയമിക്കുകയും ചെയ്തു. തിരുവമ്പാടിയിൽ ഫാ. അത്തനേഷ്യസ്, കൂടരഞ്ഞിയിൽ ഫാ. ബർണഡിൻ, കൂടത്തായിയിൽ ഫാ. റെയ്മണ്ട്, കണ്ണോത്ത് ഫാ. പീറ്റർ, കോടഞ്ചേരിയിൽ ഫാ. ഫാബിയൂസ്. ഒരു വർഷത്തിനു ശേഷം രണ്ട് സീറോ മലബാർ ഇടവകകൾകൂടി സ്ഥാപിതമായി. ബത്തേരി : ഫാ. സർഗ്ഗീസ് (വികാരി), നടവയൽ : ഫാ. ബർക്കുമാൻസ് (വികാരി)

1953 ഡിസംബർ 31-ാം തീയതി കുടിയേറ്റക്കാർക്കുവേണ്ടി തലശ്ശേരി സീറോമലബാർ രൂപത സ്ഥാപിതമാകുകയും അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പള്ളി പിതാവ് രൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി നിയമിതനാകുകയും ചെയ്തപ്പോൾ പ്രസ്തുത ഇടവകകളായിരുന്നു രൂപതയുടെ അടിത്തറ.

മലബാറിലെ കുടിയേറ്റക്കാരുടെ ആദ്ധ്യാത്മികവും ഭൗതികവുമായ പുരോഗതിക്കായി ജീവിതം വ്യയം ചെയ്ത കോഴിക്കോട് രൂപത

യിലെ വൈദീകരെയും തുടർന്നുവന്ന സി.എം.ഐ. സഭാംഗങ്ങളെയും നന്ദിയോടെ അനുസ്മരിക്കാം. പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് രണ്ട് പരിപാടികൾ സംഘടിപ്പിക്കുകയാണ്.

1. 2010 ആഗസ്റ്റ് 14-ാം തീയതി ശനിയാഴ്ച വൈകിട്ട് 4 മണിക്ക് കൂടരഞ്ഞി ദേവാലയത്തിൽ വച്ച് അനുസ്മരണ സമൂഹബലിയും തുടർന്ന് സമ്മേളനവും.

2. 2010 ആഗസ്റ്റ് 29-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് കോഴിക്കോട് ദേവഗിരി ദേവാലയത്തിൽ വച്ച് പ്ലാറ്റിനം ജൂബിലി കുർബാനയും തുടർന്ന് പൊതുസമ്മേളനവും ഈ പരിപാടികളിൽ എല്ലാവരുടെയും സാന്നിദ്ധ്യവും പ്രാർത്ഥനയും അപേക്ഷിക്കുന്നു.

**ഫാ. ജോൺ പനംന്തോട്ടത്തിൽ സി.എം.ഐ.**
പ്രൊവിൻഷ്യൽ സുപ്പീരിയർ

## 6) കത്തോലിക്കാസഭ രൂപതാ വക്താക്കൾക്കുള്ള (പി.ആർ.ഒ.) മാർഗ്ഗരേഖ

കേരള കത്തോലിക്കാസഭ കെ.സി.ബി.സി. ഐക്യ-ജാഗ്രതാ കമ്മീഷന്റെ നേതൃത്വത്തിൽ കേരളത്തിലെ 30 രൂപതകളിലെ പി.ആർ.ഒ. മാർക്കുള്ള മാർഗ്ഗരേഖ പുറത്തിറക്കി. കേരളത്തിലെ എല്ലാ രൂപതകളിലെയും പി.ആർ.ഒ. (സ്പോക്ക്സ് പേഴ്സൻസ്) മാറ്റർ ഏകീകരിക്കുന്ന ചുമതല കെ.സി.ബി.സി. ഐക്യജാഗ്രതാ കമ്മീഷനിൽ നിക്ഷിപ്തമായിരിക്കും. ഐക്യ-ജാഗ്രതാ കമ്മീഷൻ ചെയർമാൻമാർ റൈറ്റ് റവ. ഡോ. സ്റ്റാൻലി റോമൻ പിതാവാണ്. വൈസ് ചെയർമാൻ മോറാൻ മോർ ബസേലിയൂസ് ക്ലീമിസ് കാതോലിക്കാബാവ, ബിഷപ് തോമസ് ചക്യാത്ത്, ബിഷപ് ജോസഫ് കല്ലറങ്ങാട്ട് എന്നിവരാണ്. റവ.ഫാ. ജോണി കൊച്ചുപറമ്പിൽ എം.എസ്.റ്റി. ആണ് കമ്മീഷൻ സെക്രട്ടറി.

പി.ആർ.ഒ. മാർക്കുള്ള മാർഗ്ഗരേഖയനുസരിച്ച് എല്ലാ രൂപതകൾക്കും പ്രത്യേക പി.ആർ.ഒ. ഡിപ്പാർട്ട്മെന്റുകൾ ഉണ്ടായിരിക്കണം. സഭ ചെയ്യുന്ന സേവനങ്ങൾ, ജീവകാരുണ്യപ്രവർത്തനങ്ങൾ എന്നിവയ്ക്ക് കൂടുതൽ പ്രചാരണം നൽകുന്ന ഉത്തരവാദിത്വം പി.ആർ.ഒ. യിൽ നിക്ഷിപ്തമായിരിക്കും. സമൂഹത്തിലെ വിവിധ കർമ്മമണ്ഡലങ്ങളിൽ പ്രവർത്തിക്കുന്നവരുമായി നല്ല ബന്ധം പുലർത്തുക, സമൂഹത്തിൽ അനൈക്യമുണ്ടാകുന്ന അനീതി, വർഗ്ഗീയവാദം, മതമൗലീകവാദം, രാഷ്ട്രീയവത്ക്കരണം എന്നിവക്കെതിരെ വിശ്വാസികൾക്ക് അവബോധം നൽകാനുതകുന്ന ജനസമ്പർക്കപരിപാടികൾക്ക് നേതൃത്വം നൽകുക എന്നിവ രൂപതാ പി.ആർ.ഒ. ഡിപ്പാർട്ട്മെന്റുകളുടെ ഉത്തരവാദിത്വമായിരിക്കും.

രൂപതാ പി.ആർ.ഒ. ഓഫീസിൽ ഒരു റഫറൻസ് ഷെൽഫ്, ദൃശ്യ ശ്രാവ്യമാധ്യമങ്ങളായ റേഡിയോ, ടി.വി., ഇന്റർനെറ്റ്, ഫാക്സ്, ടെല ഫോൺ, പ്രിന്റഡ് ആന്റ് ഇലക്ട്രോണിക് ക്ലിപ്പ്സ് ശേഖരിച്ച് സൂക്ഷി ക്കുവാനുള്ള സംവിധാനം എന്നിവ ഉണ്ടായിരിക്കണം. ആവശ്യസമയത്ത് വിവരങ്ങൾ ലഭ്യമാക്കാൻ സഹായിക്കുന്ന ഒരു റിസേർച്ച് വിംങ്, പി. ആർ.ഒ. യെ സഹായിക്കുന്നതിനായി പരിശീലനം സിദ്ധിച്ച ഒരു ഗ്രൂപ്പ് (ടീം ഓഫ് എക്സ്പേർട്ട്സ്), സഭയുടെ നിലപാടറിയിക്കുന്നതിനും മാധ്യ മങ്ങളും പൊതുജനങ്ങളുമായി സംവാദത്തിലേർപ്പെടുന്നതിനും മറ്റും ഫലപ്രദമായി ആശയവിനിമയം നടത്തുവാൻ കഴിവുള്ള അൽമായരും സന്യസ്തരുമടങ്ങിയ ഒരു വിഭാഗത്തെ രൂപപ്പെടുത്തിയെടുക്കുകയും ഇവർ. പി.ആർ. ഒ. ഓഫീസിന്റെ ഭാഗമായി പ്രവർത്തിക്കുക വേണം.

പ്രധാനപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് പി.ആർ. ഓഫീസിൽ നിന്ന് പുറപ്പെടുന്ന പ്രതികരണങ്ങൾ സഭാനേതൃത്വം അംഗീകരിച്ചിരിക്കുന്ന വിദഗ്ദ്ധരുമായും ഉപദേശകസമിതിയുമായും ആലോചിച്ചിട്ടായിരിക്കണം. രൂപതകൾക്ക് അകത്തും പുറത്തുമുള്ള എല്ലാ പി.ആർ.ഒ. ഓഫീസുക ളുമായും അടുത്ത ബന്ധം പുലർത്താൻ കഴിയുന്ന സംവിധാനമുണ്ടാ യിരിക്കണം. മാധ്യമങ്ങളിൽ വരുന്ന പ്രസ്താവനകളും വാർത്തകളും പി.ആർ.ഒ. ഓഫീസ് സ്ഥിരീകരിക്കേണ്ടതാണ്. പ്രധാനപ്പെട്ട സംഭവ ങ്ങൾ ഉൾപ്പെടുന്ന ഒരു കലണ്ടർ പി.ആർ.ഒ. ഓഫീസിൽ സൂക്ഷിക്കേ ണ്ടതാണ്. അനുശോചനങ്ങൾ, അഭിനന്ദനങ്ങൾ, കൃതജ്ഞതകൾ തുട ങ്ങിയവ കൃത്യഅവസരങ്ങളിൽത്തന്നെ അറിയിക്കേണ്ടതാണ്. രൂപതയെ സംബന്ധിക്കുന്ന കൃത്യമായ സ്ഥിതിവിവരക്കണക്കുകൾ രൂപതാ ഓഫീ സിൽ സൂക്ഷിക്കേണ്ടതാണ്. ആനുകാലിക പ്രശ്നങ്ങളെ സംബന്ധി ക്കുന്ന ചർച്ചകളും സെമിനാറുകളും സമ്മേളനങ്ങളും സംവാദങ്ങളും പി.ആർ.ഒ. ഡിപ്പാർട്ട്മെന്റുകളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കണം.

**കെ.സി.ബി.സി. ജാഗ്രതാസമിതി**

## 7) *മോസ്സസ്* : പാലാ കമ്മ്യൂണിക്കേഷൻസിന്റെ നാടകം

പാലാ രൂപതയുടെ കലാസാംസ്കാരിക പ്രസ്ഥാനമായ പാലാ കമ്മ്യൂണിക്കേഷൻസ് ഈ വർഷം പുതിയതായി മോശയുടെ ജീവിത കഥയെ അടിസ്ഥാനപ്പെടുത്തി "മോസസ്സ്" ബൈബിൾ ഡ്രാമാ സ്കോപ്പ് നാടകം രംഗത്ത് അവതരിപ്പിക്കുന്നു. രചന ഫ്രാൻസീസ് ടി. മാവേലിക്കര, സംവിധാനം പ്രദീപ് റോയി.

**ഫാ. ജെയിംസ് വെണ്ണായിപ്പിള്ളിൽ** (ഡയറക്ടർ)
Ph: (04822) 210812, 201039, Mob: 9048306071



ജ്യീഴ്യമാാല

## Pastoral Centre, Dwaraka

### *August - 2010*

*July 30-02 Mon - Marriage Preparation Course*

*July 31-01 Sun - Catechism Team Meeting*

*August 06 Fri - Zion CRC : Night Vigil*

*07 Sat - Zion CRC : Prayer Day, Christeen Prayer Day*

*07 Sat 08 Sun - Shalom : Voice Test*

*08 Sun - KCYM Secretariat*

*09 Mon 10 Tue - Priests' Living Together I Batch*

*11 Wed - Priests' Conference*

*11 Wed 12 Thu - Priests' Living Together II Batch*

*12 Thu - KCYM : Ready*

*14 Sat - Jesus Youth : Prayer Day, Catechism : HDC*

*14 Sat - 17 Tue - Marriage Preparation Course*

*17 Tue - Marian Singles*

*18 Wed - CMA Executive*

*21 Sat - 25 Wed - Zion CRC : Students' Retreat*

*25 Wed - Cat HDC*

*26 Thu - SSVP*

*29 Sun - KCYM Syndicate*

**Rev. Fr. Mathew Kazhuthadiyil**
Director, Pastoral Centre



# Bishop's Programme

## 2010 August

| | |
|---|---|
| 1 Sun 7 Sat ..... | Kakkanad : KCBC Retreat for Bishops |
| 8 Sun Morning | Thamarassery Cathedral |
| Afternoon | Blessing of the Church at Vadapuram |
| 9 Mon Morning | SKD Generalate |
| Afternoon | Mary Matha College |
| Evening | Dwaraka : Living Together Programme of Priests - 1st Batch |
| 10 Tue ............. | Dwaraka : Living Together Programme of Priests - 1st Batch |
| 11 Wed ............ | Priests' Conference |
| 11 Wed 12 Thur | Dwaraka : Living Together Programme of Priests - 2nd Batch |
| 13 Fri ................ | Out of Station |
| 14 Sat ................ | Thonichal : SKD Generalate, Jubilee Mass |
| 15 Sun ............... | Munderi : Laying of foundation stone for new church |
| 16 Mon 28 Sat.... | Kakkanad : Synod of Bishops & Major Archiepiscopal Assembly |

| | |
|---|---|
| *29 Sun .............* | *Devagiri : CMI Platinum Jubilee of CMI Foundation* |
| *30 Mon ............* | *Kottiyoor* |
| *31 Tue .............* | *Kunnoth : Seminary Commission Meeting* |

## *2010 September*

| | |
|---|---|
| *1 Wed ............* | *Kunnoth Seminary Commission Meeting* |
| *2 Thu ............* | *Chungakkunnu: 25th Death Anniversary of Fr. Joseph Mazhuvancherry* |
| *3 Fri .............* | *Out of Station* |
| *4 Sat .............* | *Chooralmala : Ordination of Dn. Manoj Ethurvelil PSDP* |
| *5 Sun .............* | *Pastoral Visit* |
| *6 Mon .............* | *Thariode, Class for Teachers* |
| *7 Tue 9 Thu.....* | *Ernakulam* |
| *10 Fri ..............* | *Out of Station* |
| *11 Sat ...............* | *Pastoral Council* |
| *12 Sun ..............* | *Pastoral Visit* |
| *13 Mon 17 Fri ...* | *Priests' Retreat : 1st Batch* |
| *17 Fri 19 Sun ....* | *Bangalore : NBCLC General Body Meeting* |
| *20 Mon 24 Fri ...* | *Priests' Retreat : 2nd Batch* |
| *25 Sat ...............* | *Corporate Education Agency* |
| *26 Sun ...............* | *Pastoral Visit* |
| *27 Mon 30 Thu ..* | *Out of Station* |